# മഷിപ്പച്ച

ഒരു വ്യാപാരകേരളം പ്രസിദ്ധീകരണം

പുസ്തകം 7 ലക്കം 4 പേജുകൾ 33 ജൂലൈ 2026



## കഥ ❖ കാർട്ടൂൺ കേരളം ❖ കവിത



എ.കെ.അനിൽ കുമാർ



ഹാജറ



കൃഷ്ണകുമാർ മാപ്രാണം



കയ്യുമ്മു




പി.സജീവ് കുമാർ



ദർശന


only NATURAL DIAMONDS
Natural Diamond Council
JOS ALUKKAS
A TRADITION OF FINE JEWELLERY
Ballé
DIAMOND COLLECTION
BOLD. BALANCED. BEAUTIFUL.
ROUND EAST, THRISSUR. PH: 0487-2331812
Shop online at josalukkas.com

# Editor's page:





ഓഫീസ്:
**മഷിപ്പച്ച മാസിക**
പി.ബി.റോഡ്,
എൽത്തുരുത്ത് പി.ഒ,
തൃശൂർ–680611, കേരളം.

website:
www.vyaparakeralam.com
www.varthakeralam.com
email:
mashippachamasika@gmail.com
vyaparakeralam@gmail.com
varthakeralamdaily @gmail.com
Phone: 094471 89032

എഡിറ്റർ:
**സി. ആർ. രാജൻ**
സ്പെഷൽ കറസ്പോണ്ടന്റ്:
**ഫ്രാങ്കോ ലൂയിസ്**
കറസ്പോണ്ടന്റ്:
**സി. ജി. അശോകൻ**
ടെക്നിക്കൽ ഡയറക്ടേഴ്സ്:
**ജെഫി മാത്യു ജോസ്**
**മിലു മേരി**
**റയൻ ജോസഫ്**


# തെക്കോട്ടിറക്കം
## (ഓർമ്മക്കുറിപ്പുകൾ)


ചവർപ്പ് കലർന്നതായിരുന്നു എന്റെ ഭൂതകാലം. ആഭിജാത്യം ഒട്ടുമേ ഇല്ലാത്തതും ദരിദ്രവും ആയ പോയ കാലത്തിലൊരിക്കൽ ഇന്ത്യയാകെ സഞ്ചരിക്കാൻ തൊഴിൽപരമായ ഒരു ആവശ്യം എനിക്ക് നിറവേറ്റേണ്ടിവന്നു. വിവിധ കോടതികളിൽ നിന്നുണ്ടായ വ്യത്യസ്തങ്ങളായ വിധികൾ ഉൾപ്പെടുത്തി പ്രസിദ്ധീകരണം ആരംഭിച്ച ഒരു മാസികയുടെ പ്രചാരണത്തിനായിരുന്നു യാത്ര.

ഇന്ത്യൻ ജുഡീഷ്യൽ റിപ്പോർട്ട്സ് എന്ന മാസിക വക്കീലന്മാർക്ക് പരിചയപ്പെടുത്തുന്ന തൊഴിൽ ആയിരുന്നു എന്റേത്. നഗരങ്ങൾ കേന്ദ്രീകരിച്ചാണ് അതിന്റെ പ്രചാരണ പ്രവർത്തനങ്ങൾ മുന്നോട്ടു പോയിരുന്നത്. രണ്ടോ മൂന്നോ ദിവസം ഒരിടത്ത് തങ്ങുക. ആസ്ഥാന വക്കീലന്മാരെ കണ്ട് മാസികയുടെ മഹിമ വർണ്ണിക്കുക. പ്രാക്ടീസ് ചെയ്യുന്ന പകുതിയെങ്കിലും വക്കീലന്മാരെ കണ്ടു കഴിഞ്ഞാൽ അടുത്ത നഗരം ലക്ഷ്യമാക്കി യാത്ര. നാടോടി ജീവിതം തന്നെ.

രണ്ടുപേർ ഒന്നിച്ചാണ് യാത്ര ചെയ്തിരുന്നത്. വൈപ്പിനിൽ നിന്നുള്ള ആർ പെരുമാൾ എന്ന ഒരു രംഗനായിരുന്നു എന്റെ കൂട്ട്. ഭാര്യയും ലവൻ, കുശൻ എന്നീ മക്കളും അച്ഛനും അമ്മയും അടങ്ങുന്ന ചുമട് തലയിലേറ്റിയാണ് പെരുമാൾ വന്നത്. തല കുനിക്കാൻ ഈ ഭാരമൊന്നും പോരാ എന്ന ലേശം അഹങ്കാരം കൂടെയുണ്ടെന്ന് സരസമായി സമർത്ഥിക്കുമായിരുന്നു പെരുമാൾ.


മോഹിച്ച പെണ്ണിനെ ഒരു പാതിരായ്ക്ക് വീട്ടുകാർ അറിയാതെ ഇറക്കി കൊണ്ടുവന്ന കഥ പെരുമാൾ പറഞ്ഞിട്ടുണ്ട്. അവളെ ചുമലിൽ കിടത്തി, വീടിനു മുന്നിലെ കഴുത്തറ്റം വെള്ളമൊഴുകുന്ന തോട്ടിലിറങ്ങി ആയിരുന്നുവത്രേ അവരുടെ ആദ്യ യാത്ര.

എന്റെ നാടോടി ജീവിതത്തിന്റെ ആദ്യ പാദം ഒഴിവാക്കിയാൽ പിന്നെ എന്നും ഞങ്ങൾ ഒന്നിച്ചുണ്ടായിരുന്നു. സരസനും ഭയരഹിതനുമായിരുന്നു പെരുമാൾ. അറിയാ നാടുകളിലെ യാത്രയിൽ, വഴിവെട്ടി മുന്നിൽ നടക്കുമായിരുന്നു അയാൾ. എന്തിനും ഒരു തടയായി, പരിചയയായി മുന്നിൽ പോയിരുന്നവനെ അനുഗമിക്കുന്നത് നിർത്തേണ്ടി വന്നതും നാട്ടിൽ തിരിച്ചെത്തിയതും മറ്റൊരു ഉപകഥ. തുടരും...



**സി ആർ രാജൻ**







# അകത്താളുകളിൽ

## കഥ


ദർശന ............................ പേജ് 19

കൃഷ്ണകുമാർ മാപ്രാണം ...... പേജ് 21

അനിൽ മണ്ണത്തൂർ ............... പേജ് 23

സുബിൻ അയ്യമ്പുഴ ............ പേജ് 24

ഉണ്ണി ഭാസുരി..................... പേജ് 29


## ലേഖനം


കമാൽ റഫീഖ് .................... പേജ് 17


## കാർട്ടൂൺ


എം.ആർ.ബാലചന്ദ്രൻ ........... പേജ് 5


## കുട്ടികളുടെ മഷിപ്പച്ച


വര, കവിത ........................ പേജ് 31


## കവിത


ഹാജറ കെ.എം. ................... പേജ് 6

എ.കെ.അനിൽകുമാർ .......... പേജ് 7

സതി സതീഷ് ...................... പേജ് 8

കയ്യുമ്മു കോട്ടപ്പടി ................ പേജ് 9

ഡോ. പി.സജീവ്കുമാർ ......... പേജ് 10

ജയപാലൻ കാര്യാട്ട് .............. പേജ് 11

നിബിൻ കള്ളിക്കാട്............. പേജ് 12

അശ്വതി വി.വി. ................... പേജ് 13


ബഷീർ മുളിവയൽ .............. പേജ് 14

അജയ്ഘോഷ് .................... പേജ് 15

കുഞ്ഞച്ചൻ മത്തായി ............ പേജ് 16

## കാർട്ടൂൺ കേരളം



എം.ആർ. ബാലചന്ദ്രൻ



# ആൺ സുഹൃത്ത്



ഹാജറ കെ എം

കവിത

ആൺ സുഹൃത്തെന്നാൽ ഏത്
നിഘണ്ടുവിലാണർത്ഥം തിരയേണ്ടത്?
പ്രൈമറി ക്ലാസിലെ ആൺപിള്ളറെല്ലാം
പെൺപിള്ളറോട് നിരന്തരം
തല്ലു കൂടുന്ന ചെക്കന്മാരായിരുന്നു

ഹൈസ്ക്കൂളിലെ ആൺകുട്ടികളെല്ലാം
പെൺകുട്ടികളോട്
കൂട്ടുകൂടാനും മത്സരിച്ച് സഹായിക്കാനും
അർത്ഥമറിയാത്തൊരിഷ്ടം തോന്നുന്ന
ചങ്ങാതിമാരായിരുന്നു

കോളേജിലെ ആൺകുട്ടികളിൽ
ചിലരെങ്കിലും ചിലരുടെ കാമുകന്മാരായിരുന്നു

ഹൃദയം ഹൃദയത്തോടു
ചേർത്തു വച്ച്
പ്രണയത്തിന്റെ അതി സുന്ദരവും
അവാച്യവുമായ ആനന്ദം
നുകർന്നവരായിരുന്നു

ചിലരെങ്കിലും നഷ്ട പ്രണയത്തിന്റെ നൊമ്പരം
നെഞ്ചിലേറ്റി ഹൃദയം പറിച്ചെടുത്ത്
ഇരുവഴികളിൽ നടന്നു മറഞ്ഞവർ...

ചിലരെങ്കിലും ചിലരുടെ പിറക്കാതെ
പോയ ഏട്ടൻമാരായിരുന്നു....

ഇപ്പഴും ഉള്ളിലൊരു ചോദ്യം
ഇളകിമറിയുന്നുണ്ട്.
ആരാണീ ആൺ സുഹൃത്ത്?
എത് വാതിൽപ്പഴുതിലൂടെയാണ്
ഒരു പെൺ മനസ്സിൽ ആൺസുഹൃത്ത്
എന്നൊരാൾ
ആധിപത്യമുറപ്പിക്കാനെത്തുന്നത്.....?

പ്രണയം നിഷേധിച്ചാൽ
പ്രണയപ്പകയെന്ന പേരിൽ
പെൺകുട്ടികളുടെ ജീവിതം ഒരു
നിമിഷം കൊണ്ടു തീർക്കുന്നവർ?

പ്രണയിച്ചു പോയാൽ സ്വന്തം
സ്വാതന്ത്ര്യം വരെ അടിയറവച്ച്
സ്വന്തം ഇഷ്ടങ്ങളും അനിഷ്ടങ്ങളും കുഴിച്ചു
മൂടി
തനിക്കു മാത്രം വഴിപ്പെട്ട്
ജീവിക്കണമെന്ന് വാശി പിടിക്കുന്നവർ ?

ഒരു ദയയുമില്ലാതെ
പെൺകുട്ടിളെ മാനസികമായും
ശാരീരികമായും
കൊന്നു കളയുന്നവർ ?

ഒന്നു പറയട്ടെ പ്രിയ
ആൺ മക്കളെ ,
ഒന്നുകിൽ നിങ്ങളൊരു ചങ്ങാതിയാവൂ

അല്ലെങ്കിൽ നല്ലൊരേട്ടൻ
അതുമല്ലെങ്കിൽ നല്ലൊരു കാമുകൻ....

നിങ്ങൾക്കു കഴിയും ....
സ്നേഹിക്കാനും ആശ്വസിപ്പിക്കാനും സംര
ക്ഷിക്കാനും
നിങ്ങൾക്കേ കഴിയൂ....
കാരണം നിങ്ങൾ ആൺകുട്ടികളാണ് .

# തിരശീലക്കാഴ്ചകൾ



എ. കെ. അനിൽകുമാർ



കാലം മാഞ്ഞുപോം
ഓർമ്മതൻ തിരശീല
മെല്ലെപ്പതുക്കനെ
വകഞ്ഞു നോക്കുന്നു ഞാൻ.

കാണുന്നുണ്ടനേകം
പൊടിപാറിത്തുടുക്കും പാതകൾ,
കോടിയുഗങ്ങൾ താണ്ടിയ
നക്ഷത്ര സഞ്ചാരം.

മായാതെ നിൽപ്പൂ
ഉദിക്കും ശോഭയിൽ
വെട്ടിത്തിളങ്ങും
മഞ്ഞിൻ കണികപോലൊരു
ഹ്യസ്വ ജീവിതം.

ഹ്യസ്വമെങ്കിലും
വെട്ടിപ്പിടിക്കുവാനേറെയാശ,
പോരാ പോരാ,യെന്നുള്ളം
വിഭ്രമിച്ച നാളുകൾ.

കൂട്ടിവെച്ചതൊക്കെയും
ഒരു നിമിഷം മുൻപെന്നപോൽ
മുന്നിൽ നിന്നു ചിരിക്കുന്നുവോ.
അതു കാലത്തിൻ ചിരിയോ
അതോ,യെല്ലാം
വ്യർത്ഥമെന്നുരയ്ക്കും
ഓർമ്മച്ചക്രത്തിൻ
തേരൊച്ചയോ...

ഓർമ്മതൻ തിരശീല
മെല്ലെപ്പതുക്കനെ
മൂടിവെയ്ക്കുന്നു ഞാൻ.
അകലെ, കോടാനുകോടി
യുഗങ്ങൾക്കകലെ
പുഞ്ചിരിച്ചു നിൽക്കുന്നു കാലം.

കവിത

# നഷ്ട സ്വർഗ്ഗങ്ങളേ....



സതി സതീഷ്

.


ഒരുപാടൊരുപാട
കലങ്ങളിലിരുന്ന്
ജീവനും ശ്വാസവും
( Am the soul & You are the body )
ആയി അതിരുകളില്ലാതെ എപ്പോൾ
എങ്ങനെ ഒന്നായി എന്നറിയാതെ
കാലത്തിനു പോലും അസൂയ
തോന്നുന്നതുപോലെ പ്രണയിച്ചവർ.....!

ചോദ്യോത്തരങ്ങളില്ലാതെ
പ്രണയം മനോഹരമാക്കിയവർ.....!

പരസ്പരം കാണാൻ,
തൊട്ടൊന്നുരിയിടാൻ
ഒപ്പമിരിക്കാൻ കൊതിച്ച് കണ്ടുമുട്ടിയപ്പോൾ ....

മതിയാവോളം കണ്ണുകളിൽ നോക്കിയും
കൈകൾ ചേർത്തു പിടിച്ചും
നടന്നതിനു കാലം സാക്ഷിയായിരുന്നുവെങ്കിലും
അവരറിയാതെ എങ്ങനെയോ എവിടെയോ
അവരുടെ പ്രണയം,
അല്ല ഹൃദയം തന്നെ നഷ്ടമായിട്ടും
ഭ്രാന്തമായ സ്നേഹത്തോടെ പരസ്പരം തേടുന്നു.....
എൻ നഷ്ടസ്വർഗ്ഗത്തിൻ
ഭൂമിക.....





# ആനന്ദ നൃത്തം



കയ്യുമ്മു കോട്ടപ്പടി

കവിത

മുറിപ്പാടുകൾ
മുറിവിട്ടിറങ്ങുമ്പോൾ
ആരോരുമറിയാതെ
രണ്ടിറ്റ് കണ്ണീരാണ്
കൂടെ പോന്നത്.

ഹൃദയത്തിൽ വേവുന്ന
നീറ്റത്തിലത് ,
അത്രത്തോളം ആഴത്തിലത് വെന്തു കൊണ്ടിരുന്നു.

മനസ്സിന്റെ ഓരോ കോണിലും
തുരുമ്പുകൾ വന്ന് പൊടിഞ്ഞുവന്നെങ്കിലും
സ്നേഹത്തിന്റെ ഒരംശം
ആനന്ദത്തിലാറാടിയിരുന്നു.

കവിഞ്ഞൊഴുകുന്ന
ഓരോ നെടു വീർപ്പിലും
ഓരോ പൂവുകൾ മുളച്ചിരുന്നു.

മുറിവേറ്റ ചില്ലയിലത്
കിളിർത്തു വന്നെങ്കിലും
ഇല കൊഴിഞ്ഞ തണ്ടിൽ
പൂവുകൾ വാടാതെ
തളിർത്തു തന്നെ കിടന്നു.

ആനന്ദത്താലെ....
ചുവടുറപ്പോടെ...

കവിത



# കംപാർട്ട്മെന്റ്



ഡോ. പി. സജീവ്കുമാർ

കിതപ്പാറ്റാനാവാതെ,
ട്രെയിൻ തെക്കോട്ട്
ഓടുന്നു.
ആകാശം മൂടിക്കെട്ടി,
പരിഭവം ചൊല്ലി
മഴനൂലുകളിറക്കുന്നു.
പ്രകൃതിയിൽ ആനന്ദോത്സവം.

കംപാർട്ട്മെന്റിൽ
പല പ്രായക്കാർ,
ദേശക്കാർ,
ഭാഷക്കാർ
സമൂഹത്തെ
വരച്ചിടുന്നു,
ജീവിതത്തിന്റെ
ക്യാൻവാസ് തീർക്കുന്നു,
അഭിരമിക്കുന്നു,
ആൻഡ്രോയ്ഡ് മൊബൈലുകളിൽ.

ചെറുപ്പക്കാരിയായ സ്ത്രീ
വേലക്കാരിയെ വിളിച്ച്
ഫ്രിഡ്ജിൽ പച്ചക്കറിയുണ്ടെന്ന്
ഓർമ്മപ്പെടുത്തുന്നു.

ഒരു മദ്ധ്യവയസ്കൻ
മെസ്സേജുകൾക്ക് മറുപടിയായി
ഇമോജികളിടുന്നു.
ഇടയ്ക്ക് പലരെയും
വിളിച്ചു സംസാരിയ്ക്കുന്നു.

കീമോതെറാപ്പിയെടുക്കുന്ന
മുതിർന്നൊരാൾ ,
മരണത്തെ
അയവിറക്കുന്നു.
പുറം കാഴ്ചകളിലേക്ക്
മിഴികൾ നടുന്നു.
ജീവിതത്തെ
അറിഞ്ഞതിന്റെ
കാർബൺ കോപ്പി അയാളുടെ
മിഴികളിൽ നിറയുന്നു.

മറ്റൊരാൾ ചുറ്റുപാടുമുള്ള
വിഷയങ്ങളൊന്നും ശ്രദ്ധിക്കാതെ
ഒരു പുസ്തകത്തിലേക്ക്
ഊളിയിടുന്നു.

ഭൂമിയും ആകാശവും
മഴയും പ്രകൃതിയും
ട്രെയിനിന്റെ ഓട്ടവും
കംപാർട്ട്മെന്റും
മറന്ന്, മറന്ന്
രണ്ടു പേർ
പ്രണയത്തിന്റെ
വെളിപാട് അറിയുന്നു.
അവരുടെ ലോകം അപ്പാടെ
മാറിപ്പോകുന്നു.

കംപാർട്ട്മെന്റിൽ
ഇപ്പോൾ
ജീവിത നാടകോത്സവം.



ജയപാലൻ കാര്യാട്ട്

# പടിയിറക്കം

കവിത

പടിയിറങ്ങുന്നു പകലോനന്തിതൻ
പിടിവിടാതോടിക്കുഴഞ്ഞു മായുന്നു.
തടുത്തിടാനാകാതെതിർപ്പുമായ് മനം
മടുത്തിടാതൊപ്പം പുലർന്ന വേളയിൽ
കരുത്തു നേടുവാനെടുത്ത നിശ്ചയം
പതിച്ചെടുത്തുണർവ്വുണർത്തി നെഞ്ചകം.
ചൊടികളിൽ മന്ദസ്മിതം വിടർന്നതും
കൊതിക്കെറുവിനാൽ കവിൾ തുടുത്തതും
പുളകവർഷമാർന്നുണർന്നു മേനിയും
പൊരുത്തമോ പത്തെന്നുറച്ച ഘോഷണം
വിളിക്കു കാതോർക്കുമകത്തളങ്ങളിൽ
വിയർപ്പു ഗന്ധത്തിലലിഞ്ഞു ചേർന്നുള്ളം
വിളക്കിച്ചേർത്തിണപിരിയാക്കണ്ണികൾ
വിലോല നേത്രത്തിന്നകമിരുണ്ടുവോ?
കളിപറഞ്ഞിരു കരം ഗ്രഹിച്ചവർ
കളങ്ങളിൽ കരു നിരത്തി അങ്കമായ്.
പിടിപ്പുകേടിന്റെ പരാതി സഞ്ചയം
പടിപ്പുരയടച്ചെതിർപ്പിൻ തീർപ്പുകൾ.
ചതിച്ചുഴികളിലെറിഞ്ഞതിദ്രുതം
വിധിച്ചതാരിതീ വിധിക്കുറിപ്പുകൾ?

# രണ്ട് കവിതകൾ

കവിത



നിബിൻ കള്ളിക്കാട്

## (1) അതിരുകൾ

മനുഷ്യർക്കിടയിൽ വാക്കിന്റെ
അതിരുകൾ കണ്ട പ്രകൃതി
പുഞ്ചിരിയുടെ പുത്തൻ
വേലികളെ സൃഷ്ടിച്ചു....,

പുഞ്ചിരിയിൽ ബന്ധത്തിന്റെ
അതിരുകൾ കണ്ടപ്പോൾ
പ്രകൃതി ഓർമ്മകളുടെ
മതിലുകളെ സൃഷ്ടിച്ചു ...,

ഓർമ്മകളിൽ പോലും
ആഴത്തിന്റെ അതിരുകൾ
കണ്ടപ്പോൾ പ്രകൃതിപിന്നെ
നോവനുഭവങ്ങളെ സൃഷ്ടിച്ചു,

ഇപ്പോളതിരുകളെല്ലാം
മനുഷ്യർക്കിടയിലെപ്പോഴും
സ്ഥാനം പിടിക്കാറുണ്ട്...

ഇന്നും ഭാഷകളൊരുപാടുണ്ട് ,.
ബന്ധങ്ങളും പുഞ്ചിരിയുമുണ്ട്,
പക്ഷേ നോവുന്നനുഭങ്ങളിൽ
നിന്നും ഒളിച്ചുപാർക്കാൻ
മനുഷ്യൻ കഷ്ടപ്പെടുന്നുണ്ട്...

ഓർമ്മകൾ കൂടുതലായവർ
ആയതിനാൽ അതിരുകൾ
ചുറ്റപ്പെട്ടവർ ഏകാന്തതയിൽ
എപ്പോഴും ഓർമ്മകളിൽ തന്നെ
സ്വയം അതിരിട്ടങ്ങനെയങ്ങനെ..!

## (2) ദഹനം

മരിക്കും മുമ്പ് കുടിച്ച ജലത്തിന്
ശരീരത്തോട് പ്രണയമായി ,
മനസ്സിൽ തെളിഞ്ഞ ഓർമ്മയ്ക്ക് -
ശ്വാസത്തോട് സൗഹൃദമായി ,

കണ്ട അവസാന കാഴ്ച്ചയ്ക്ക്
കണ്ണിനോട് ഇണക്കമായി ,
കേട്ട അവസാന ശബ്ദത്തിന്
ചെവിയിലിഷ്ടത്തിന്റെ
സംഗീതമായി മാറി ,

അവസാനമറിഞ്ഞ ഗന്ധവും
ബന്ധവും ഹൃദയത്തോടിണങ്ങി
നിശബ്ദം ചേർന്നു നിന്നു ..
ഒടുവിൽ ജീവിതം പറഞ്ഞു
ഇനിയപ്പോൾ ദഹനമാകാം,...!



കവിത



അശ്വതി.വി.വി

# പ്രയാണം

അനന്തമാമാഴമേറും തുരങ്കത്തിലൂടെൻ-
ഇരുളടഞ്ഞൊരു യാത്ര തുടരവേ,
അകലെ ലക്ഷ്യബോധത്താലെൻ മനസ്സ്,
മുന്നോട്ട് മാത്രമായ് കുതിച്ചിടുന്നു.

?കണ്ണുകളെയെന്നും മൂടുവാൻ പോന്നൊരു-
കാർമേഘപടലങ്ങൾ ചുറ്റിലും വീഴവേ,
കാൽവെയ്പുകൾക്കുമേൽ മുള്ളുവേലികൾ
വരിഞ്ഞുമുറുക്കുന്ന ഇരുമ്പുപാശങ്ങൾ!

?അറിയുന്നു ഞാനീ വിപഥത്തിലുടനീളം,
അന്യർ വിരിച്ചിട്ട ചതിവലകൾ
ബന്ധനമാക്കുന്ന ചങ്ങലക്കണ്ണികൾ,
നെഞ്ചകം കീറുന്ന വാക്കേറുകൾ.

എങ്കിലും കനത്തൊരീ തമസ്സിനപ്പുറം,
ഒരു ചില്ലുവെളിച്ചം തിളങ്ങുമെന്നോർത്തു ഞാൻ
അടിയറവില്ലാത്തൊരാത്മവിശ്വാസത്താൽ,
എൻ പ്രയാണപഥങ്ങൾ കുറിച്ചിടുന്നു.

?ധീരതയാലൊരു കോട്ട തീർത്തെങ്കിലും,
അതു തകർക്കുവാൻ കോടി ജനങ്ങൾ;
വക്രതയാർന്നൊരീ പാതകൾ മുന്നിൽ,
ഇരുമ്പുമറകളാൽ വിഘ്നങ്ങൾ തീർപ്പൂ.

?ദൂരെയൊരു ബിന്ദുവായ് തെളിയുന്നു,
പ്രത്യാശ നൽകുമൊരു നവപ്രകാശം
ഇടറുന്ന ദുർഘടയാത്രയൊടുങ്ങുമെൻ-
ഭയമെല്ലാം കാറ്റിൽ പറന്നുപോകും.

പതറാത്ത കരുത്തോടെയെന്നുടെ കൈകളാൽ
വിജയപതാക ഞാൻ പാറിച്ചു നിർത്തീടും
വിജയത്തിൻ മന്ത്രമതു കാതുകളിൽ വീണ്ടുമെൻ-
ആത്മാവു മാത്രമായ് മന്ത്രിച്ചിടുന്നു!

കവിത





ബഷീർ മുളിവയൽ

# എനിക്ക് നിന്നെ ഒന്ന് കെട്ടിപ്പിടിക്കണം

വയലിലെ ചെളിയിൽ ഇറങ്ങി നിന്ന്
മണ്ണിനോട് പൊരുതുന്ന കർഷകാ
എനിക്ക് നിന്നെ ഒന്ന് കെട്ടിപ്പിടിക്കണം
ചളിപുരണ്ട കൈകൾ കൊണ്ട്
എന്റെ പുറത്ത് സ്നേഹത്തോടെ
തലോടുകയും ഹൃദയത്തിൻ
വിത്തുകൾ പാകുകയും ചെയ്യുക!

കവലയിലെ തിരക്കിൽ നിന്ന്
വാഹനങ്ങളെ നിയന്ത്രിച്ച്
നാലുപാടും തിരിച്ചു വിടുന്ന
പോലീസുകാരാ
എനിക്ക് താങ്കളെയൊന്ന്
കെട്ടിപ്പിടിക്കണം
നാല് ഭാഗത്ത് നിന്നും വരുന്ന
വാഹനങ്ങൾക്ക് മുന്നിൽ
നൃത്തമാടുന്ന ആ കൈകളെ
എന്റെ പുറത്ത് കുറച്ചു നേരമെങ്കിലും
വിശ്രമിക്കാൻ അനുവദിച്ചാലും

പാഠം ചൊല്ലിക്കൊടുക്കുന്ന അധ്യാപകാ
എനിക്ക് താങ്കളെ ഒന്ന് കെട്ടിപ്പിടിക്കണം
ചോക്ക് പിടിച്ചു തേഞ്ഞ വിരലുകളാൽ
എന്നിൽ അക്ഷരങ്ങൾ കോറിയിടാനുള്ള
ദയവുണ്ടാകണം

അതിർത്തിയിൽ കാവൽ നിൽക്കുന്ന
പട്ടാളക്കാരാ
എനിക്ക് താങ്കളെയൊന്ന് കെട്ടിപ്പിടിക്കണം
ഞങ്ങൾക്കു വേണ്ടി തുറന്നുവെച്ച
കണ്ണുകൾ അടച്ച് അല്പനേരം
എന്റെ ചുമലിൽ വിശ്രമിക്കുക .
ദീർഘമായ ഒരു നിശ്വാസം കൊണ്ട്
എനിക്ക് നിങ്ങളോടുള്ള
കടപ്പാടുകളെ കഴുകിക്കളയുക

കാറ്റ് മരത്തെ തലോടും പോലെ
കര കടലിനെ വാരിപ്പുണരും പോലെ
മനുഷ്യന് മനുഷ്യനെ കെട്ടിപ്പിടിക്കാൻ
കഴിയുമായിരുന്നെങ്കിൽ
നമ്മുടെ ഇടയിലെ
ശൂന്യതയിൽ നിർമ്മിച്ചിരിക്കുന്ന മ
തിലുകൾ പൊളിച്ചു മാറ്റിയിരുന്നെങ്കിൽ

ആലിംഗനത്തിന്റെ സുന്ദരമായ ഭാഷയിൽ
ലോകം മുഴുവനുള്ള മനുഷ്യർ
പരസ്പരം സംസാരിച്ചിരുന്നെങ്കിൽ
ഭൂമിയെ സ്വർഗമെന്ന് കവിതയിൽ
എഴുതിവെക്കാമായിരുന്നു .

# വായന

അജയ്ഘോഷ്

പുസ്തകം കാണാതെ വളർന്ന നുണകൾ
ഒരു സിംഹാസനം തന്നെ തീർത്തു.
ഒരിക്കലുമെത്താത്ത
വായനക്കാരനെയും
കാത്തിരിക്കുന്ന
ലൈബ്രേറിയൻ പ്രതീക്ഷയോടെ
മന്ത്രിച്ചു.
വായന മരിക്കുകയില്ല.

പ്രോഗ്രസ് കാർഡിൽ
ഒന്നാമനായ കുട്ടി
ജീവിതപ്പരീക്ഷയിൽ
തോറ്റ് തൊപ്പിയിട്ടപ്പോൾ
ഹരിത മന്ദഹാസം പൊഴിക്കുന്ന
സം’പൂജ്യനായ ’
കുട്ടിക്ക്
ഫുൾ എ പ്ലസ്.

ജനാധിപത്യത്തിന്റെ
സൗന്ദര്യമാണിതെന്ന
നാലാം തൂണിന്റെ പ്രഖ്യാപനം കേട്ട്
മാലോകർ നൃത്തച്ചുവട് വെക്കാൻ തുടങ്ങി.

വായനയുടെ
അടരുകളിൽ
മറഞ്ഞിരിക്കുന്ന സൗന്ദര്യബോധമോർത്ത്
ലൈബ്രേറിയൻ
വായനശാല വിട്ടിറങ്ങി.



കവിത

# രണ്ടു വഴിയെ



**കുഞ്ഞച്ചൻ മത്തായി**

ഇനി എനിക്കൊന്നും പറയാനില്ല
നിന്റെഇഷ്ടത്തിന് ഇത്രയും നാൾ
ഞാനൊത്തു നിന്നിട്ടേ ഉള്ളൂ
കടലാസുകൾ എല്ലാംഎഴുതിയിട്ട്
വരിക എന്റെ കർത്തവ്യം
പൂർത്തീകരിച്ചു തന്നേക്കാം

അതിനു മുന്നേ ഒരിക്കൽ കൂടി
മൂന്നുതവണ ചിന്തിച്ചിട്ടാവണം

അഞ്ചുവർഷ കാലംപിന്നാലെ നടന്നു
ചെരുപ്പുകൾ തേച്ചവൾ;
എനിക്ക് എത്രയെത്ര പുതിയ
ലാവണ്യങ്ങൾ വന്നിട്ടും ഒന്നിനെയും
സ്വീകരിക്കാതെ നിന്റെ
മോഹത്തിൽ മാത്രം ചേർത്തുപിടിച്ചു

അതിന്റെ ശിക്ഷയാണ് നീയിന്ന്
വിധിച്ചതെങ്കിൽ ദുഃഖഭാരത്താൽ
ഞാനിത് ഒപ്പുവെക്കുന്നു

കാരണങ്ങളൊന്നുമില്ലാതെ
അവളുടെ മനസ്സിന്റെവിഭ്രാന്തിയിൽ
രണ്ടു വർഷ കാലദാമ്പത്യ ജീവിതത്തിന്
നന്ദി ചൊല്ലി പിരിഞ്ഞു നാം



ലേഖനം



കമാൽ റഫീഖ്

# ഫേസ്ബുക്ക് മോണിറ്റൈസേഷൻ; സാധ്യതകളും വെല്ലുവിളികളും

ആധുനിക ലോകത്ത് സോഷ്യൽ മീഡിയ എന്നത് കേവലം ആശയവിനിമയത്തിനോ വിനോദത്തിനോ ഉള്ള ഇടം മാത്രമല്ല, മറിച്ച് ആഗോളതലത്തിൽ വലിയൊരു സാമ്പത്തിക വിപണി കൂടിയായി പരിണമിച്ചിരിക്കുന്നു. ഇതിൽ ഏറ്റവും വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവന്നത് ഫേസ്ബുക്കിന്റെ മോണിറ്റൈസേഷൻ സംവിധാനമാണ്. 'മെറ്റാ ഫോർ ക്രിയേറ്റേഴ്സ്' (Meta for Creators) എന്ന പദ്ധതിക്ക് കീഴിൽ, ഗുണനിലവാരമുള്ള ഉള്ളടക്കം കൃത്യമായി പങ്കുവെക്കുന്നവർക്ക് വലിയൊരു വരുമാന സ്രോതസ്സാണ് ഫേസ്ബുക്ക് വാഗ്ദാനം ചെയ്യുന്നത്. ഇൻ-സ്ട്രീം പരസ്യങ്ങൾ, സബ്സ്ക്രിപ്ഷനുകൾ, റീൽസ് ബോണസുകൾ, ബ്രാൻഡഡ് ഉള്ളടക്കങ്ങൾ എന്നിങ്ങനെ വൈവിധ്യമാർന്ന മാർഗ്ഗങ്ങളിലൂടെ ഉപഭോക്താക്കൾക്ക് തങ്ങളുടെ സർഗ്ഗാത്മകതയെ പണമാക്കി മാറ്റാൻ ഇന്ന് സാധിക്കുന്നുണ്ട്.

ഈ സാമ്പത്തിക സാധ്യത ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് ആളുകളെ ഒരു 'ഡിജിറ്റൽ തൊഴിൽ സേന'യായി മാറ്റിയിരിക്കുകയാണ്. വൻകിട ക്രിയേറ്റർമാർ മുതൽ സാധാരണ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ വരെ ഈ പണക്കൊയ്ത്തിന്റെ ഭാഗമാകാൻ കഠിനാധ്വാനം ചെയ്യുന്നു. ഒരു വലിയ നിക്ഷേപമോ അടിസ്ഥാന സൗകര്യങ്ങളോ ഇല്ലാതെ തന്നെ സ്വന്തം കഴിവിനെ ലോകത്തിന് മുന്നിൽ എത്തിക്കാനും അതിലൂടെ സാമ്പത്തിക സ്വാതന്ത്ര്യം നേടാനും സാധിക്കുന്നു എന്നതാണ് ഇതിന്റെ ഏറ്റവും വലിയ ആകർഷണം.

എന്നാൽ, ഈ തിളക്കത്തിന് പിന്നിൽ ഗൗരവകരമായ ചില സാമൂഹികവും വ്യക്തിപരവുമായ ദോഷവശങ്ങൾ ഒളിഞ്ഞു കിടക്കുന്നുണ്ട്. മോണിറ്റൈസേഷൻ എന്ന ലക്ഷ്യത്തിലേക്ക് എളുപ്പവഴികളിലൂടെ എത്താമെന്ന വ്യാമോഹം പലരെയും തെറ്റായ പ്രവണതകളിലേക്ക് നയിക്കുന്നു. വരുമാനം വർദ്ധിപ്പിക്കുന്നതിനായി 'വ്യൂസ്' (Views) കൂട്ടാനുള്ള നെട്ടോട്ടത്തിൽ പലപ്പോഴും ഉള്ളടക്കത്തിന്റെ നിലവാരം ചോദ്യം ചെയ്യപ്പെടുന്നു. ഇതിൽ ഏറ്റവും വിനാശകരമായ സംഗതി നഗ്നതാ പ്രദർശനവും ലൈംഗിക ചുവ

യുള്ള ഉള്ളടക്കങ്ങളും ഉപയോഗിച്ച് കാഴ്ചക്കാരെ ആകർഷിക്കാൻ ശ്രമിക്കുന്നതാണ്. പണത്തിനായുള്ള ഈ പരക്കംപാച്ചിൽ ധാർമ്മിക മൂല്യങ്ങളെ കാറ്റിൽ പറത്തുന്ന കാഴ്ചയാണ് പലപ്പോഴും കാണാൻ സാധിക്കുന്നത്.

## സാമൂഹിക പ്രത്യാഘാതങ്ങളും ഏറെയുണ്ട് ലഹരിയും കുറ്റകൃത്യങ്ങളും

ഇത്തരം മോശം ഉള്ളടക്കങ്ങൾ കേവലം സദാചാര പ്രശ്നം മാത്രമല്ല സൃഷ്ടിക്കുന്നത്, മറിച്ച് അത് സമൂഹത്തിൽ വലിയൊരു അരാജകത്വത്തിന് വിത്തിടുന്നു. ഡിജിറ്റൽ ലോകത്തെ ഈ നഗ്നതാ പ്രദർശനങ്ങൾ കാഴ്ചക്കാരിൽ, പ്രത്യേകിച്ച് യുവതലമുറയിൽ ഒരു തരം 'ദൃശ്യാലഹരി' (Visual Addiction) സൃഷ്ടിക്കുന്നുണ്ട്. ഇത് യഥാർത്ഥ ജീവിതത്തിലെ ബന്ധങ്ങളോടുള്ള മടുപ്പിനും, വികലമായ ലൈംഗിക കാഴ്ചപ്പാടുകൾക്കും കാരണമാകുന്നു. ഇത്തരം ഉള്ളടക്കങ്ങൾ നൽകുന്ന താൽക്കാലിക ഉത്തേജനം തേടിപ്പോകുന്നവർ ക്രമേണ മയക്കുമരുന്ന് ലഹരിക്കും മദ്യത്തിനും അടിമകളാകുന്നതുപോലെ ഈ ഡിജിറ്റൽ വൈകൃതങ്ങൾക്കും അടിമകളാകുന്നു.



അതിലുപരി, പണം എളുപ്പത്തിൽ സമ്പാദിക്കാനുള്ള ഈ വ്യഗ്രത പലരിലും അമിതമായ അത്യാഗ്രഹം വളർത്തുന്നു.

മോണിറ്റൈസേഷൻ ലഭിക്കാത്തവരോ അല്ലെങ്കിൽ വരുമാനം കുറഞ്ഞവരോ ആയ ആളുകൾ ആഡംബര ജീവിതം നയിക്കുന്ന ക്രിയേറ്റർമാരെ കണ്ട് പ്രലോഭിതരാവുകയും, പണത്തിനായി മോഷണം, സൈബർ തട്ടിപ്പുകൾ, ക്രിമിനൽ പ്രവർത്തനങ്ങൾ എന്നിവയിലേക്ക് തിരിയുകയും ചെയ്യുന്നു. 'എങ്ങനെയെങ്കിലും പണമുണ്ടാക്കുക' എന്ന ചിന്ത വ്യക്തികളിൽ നിന്ന് സഹാനുഭൂതിയും സാമൂഹിക പ്രതിബദ്ധതയും ഇല്ലാതാക്കുന്നു. പ്രശസ്തിക്കും പണത്തിനും വേണ്ടിയുള്ള മത്സരങ്ങൾ പലപ്പോഴും സൈബർ ആക്രമണങ്ങളിലും വ്യക്തിഹത്യകളിലും കലാശിക്കുന്നു. ഇത് സമൂഹത്തിൽ അസഹിഷ്ണുതയും അക്രമവാസനയും വർദ്ധിപ്പിക്കാൻ കാരണമാകുന്നു.

മാത്രമല്ല, ഇതിനായി ചിലവഴിക്കുന്ന അമിതമായ സമയവും ഊർജ്ജവും വ്യക്തികളുടെ സാമൂഹികവും കുടുംബപരവുമായ ജീവിതത്തെ ദോഷകരമായി ബാധിക്കുന്നു. ഫേസ്ബുക്കിന്റെ സങ്കീർണ്ണമായ നിബന്ധനകളും (Policy Issues) ഇടയ്ക്കിടെ മാറുന്ന അൽഗോരിതങ്ങളും വരുമാനം പെട്ടെന്ന് നിലച്ചുപോകാൻ കാരണമായേക്കാം. ഇത്തരം സാഹചര്യങ്ങൾ ക്രിയേറ്റർമാരിൽ വലിയ തോതിലുള്ള മാനസിക സമ്മർദ്ദത്തിനും നിരാശയ്ക്കും വഴിമാറുന്നുണ്ട്.

## ഉപസംഹാരം

ചുരുക്കത്തിൽ, കൃത്യമായ അവബോധത്തോടും ലക്ഷ്യബോധത്തോടും കൂടി സമീപിച്ചാൽ ഫേസ്ബുക്ക് മോണിറ്റൈസേഷൻ ഒരു മികച്ച വരുമാന മാർഗ്ഗമാണ്. എന്നാൽ ആത്മനിയന്ത്രണമില്ലാതെ, കേവലം പണം മാത്രം ലക്ഷ്യമിട്ട് ഇതിലേക്ക് ഇറങ്ങിത്തിരിക്കുന്നത് വ്യക്തിക്കും സമൂഹത്തിനും ഗുണത്തേക്കാളേറെ ദോഷമാകും വരുത്തിവെക്കുക. ഡിജിറ്റൽ ലോകത്തെ സാധ്യതകളെ ഉപയോഗിക്കുമ്പോഴും സ്വന്തം വ്യക്തിത്വവും മാനുഷിക മൂല്യങ്ങളും ഉയർത്തിപ്പിടിക്കാൻ ഓരോ ക്രിയേറ്ററും ബാധ്യസ്ഥരാണ്. പണം നേടാനുള്ള വഴിയിൽ പവിത്രമായ സാമൂഹിക വ്യവസ്ഥിതിയെ തകർക്കാതിരിക്കാൻ നമ്മൾ ജാഗ്രത പാലിക്കേണ്ടതുണ്ട്.

കഥ

# കുട്ടിയുടെ അച്ഛൻ



ദർശന

മത്തായിപുരത്ത് ശവക്കോട്ടയ്ക്കടുത്ത് മൂന്നാമത്തെ വളവിലെ രണ്ടാമത്തെ വീട്. അടഞ്ഞ ജാലകങ്ങൾ . കാറ്റിൽ വീണു കിടക്കുന്ന കരിയിലകളുടെ കിരുകിരുപ്പ്. ഉണക്കപ്പുല്ലു നിറഞ്ഞ പൂന്തോട്ടം. അങ്ങിങ്ങായി ഗതകാല സ്മരണകൾ ഉണർത്തി പുല്ലുകൾക്കിടയിൽ നിന്നും എത്തിനോക്കുന്ന പൂച്ചെടിത്തലപ്പുകൾ. ഒരു നിമിഷം സംശയിച്ചു നിന്നുപോയി. ഇതുതന്നെയല്ലേ സനിതയുടെ വീട്. ആളനക്കങ്ങൾ ഇല്ലാതെ മൂകമായി.

തുരുമ്പിച്ച ഗേറ്റ് തുറന്നപ്പോൾ കരച്ചിൽ കേട്ടാകണം പാതിചാരിയ ജനലരികിൽ ഒരു നിഴലാട്ടം. മുറ്റത്തേക്ക് കയറിച്ചെന്ന് കോളിംഗ് ബെൽ അന്വേഷിക്കാൻ നോക്കിയപ്പോഴേക്കും വാതിൽ തുറന്ന് മധ്യവയസ്കയായ ഒരു സ്ത്രീ പുറത്തേക്കിറങ്ങി. ‘ആരാണ് , എന്താ വേണ്ടത്?”



‘സനിതയുടെ വീടല്ലേ ഇത്?‘

‘അതെ.‘

‘ഞാനവളുടെ സുഹൃത്താണ് പ്രകാശൻ പറഞ്ഞാൽ അറിയും. ‘

‘കേറിവരു മോനെ അവൾ പറഞ്ഞിട്ടുണ്ട് മോൻ വരുമെന്ന് ‘

ഞാൻ ഒരു നിമിഷം അമ്പരന്നു.

ചെറിയ പകപ്പോടെ പറഞ്ഞു .

‘അതിന് അവളെ ഈയടുത്തൊന്നും വിളിച്ചിട്ടുണ്ടായിരുന്നില്ലല്ലോ.‘

‘അവളും വളരെ മുമ്പേ തന്നെയാണ് എന്നോട് പറഞ്ഞത് എന്നെങ്കിലും ഒരിക്കൽ പ്രകാശൻ വരുമെന്ന്.

വരു ഇവിടെ ഇരിക്കാം.‘

ഞാൻ സിറ്റൗട്ടിലേക്ക് കയറി തിണ്ണയിൽ ഇരുപ്പുറപ്പിച്ചു .

‘സനിത എവിടെ ?‘

ഒരു നിമിഷം അവരുടെ മുഖത്ത് വിരിഞ്ഞ ചിരി അപ്രത്യക്ഷമായി. പെയ്യാൻ വെമ്പുന്ന കാർമേഘം പോലെ മുഖം ഇരുണ്ടുകൂടി

ഞാൻ ചോദ്യം ആവർത്തിച്ചു

‘ സനിത എവിടെ? ‘

അവരുടെ കണ്ണുകൾ നിറഞ്ഞു തുളുമ്പി. ‘സനിതയുടെ അമ്മയല്ലേ‘

‘അതെ

‘സനിതയെ ഒന്ന് വിളിക്കൂ.‘

‘അവൾ ഇവിടെയില്ല. ‘ അവരുടെ മുഖത്ത് അങ്ങേയറ്റത്തെ നിസ്സഹായത പ്രകടനമായിരുന്നു

‘പിന്നെ എവിടെ പോയി?‘

‘അവൾ.. ‘ അവരെന്തോ പറയാൻ ഭാവിച്ചതും മൂന്നോ നാലോ വയസ്സ് തോന്നിക്കുന്ന ഒരു പിഞ്ചു ബാലൻ അകത്ത് നിന്നും ഓടിയിറങ്ങി മുന്നിലായി വന്നു നിന്നു. പരിചയമില്ലാത്തത് കൊണ്ടാകാം അവനൊന്നു പതുങ്ങി.

ഞാൻ ഇരുവരെയും മാറിമാറി നോക്കി

അവർ നിസ്സഹായതയോടെ നിന്നു.

‘ഇത്?‘

‘സനിതയുടെ മകനാണ്.

പ്രപഞ്ചൻ.‘

ഒരു നിമിഷം എന്റെ ഉടലാകെയൊന്ന് വിറച്ചു.

‘നോക്കു, പ്രകാശാ,

നമുക്ക് കുട്ടികളുണ്ടായാൽ ആൺകുട്ടിയാ

ണെങ്കിൽ പ്രപഞ്ചനെന്നും പെൺകുട്ടിയാണെങ്കിൽ ഭൂമിയെന്നും പേരിടണം.'

' നിനക്ക് എവിടുന്ന് കിട്ടി ഈ പേരൊക്കെ?'

'ആദ്യം

സത്യം ചെയ്യൂ. '

'സത്യം സത്യം സത്യം.'

ഞാനവളുടെ മൃദുവായ കൈത്തലങ്ങളിൽ വിരലമർത്തി.

വർഷാവസാന പരീക്ഷ കഴിയുന്ന ദിവസം. അവസാനത്തെ കൂടിക്കാഴ്ച. പിന്നെ സനിതയെ കണ്ടിട്ടേയില്ല. ഒരു ജോലി സമ്പാദിക്കാനുള്ള നെട്ടോട്ടത്തിലായിരുന്നു. ആരുടെയൊക്കെയോ കാരുണ്യം കൊണ്ട് മറുനാട്ടിൽ. പിന്നെ പല പല കമ്പനികളിൽ ഒരു സ്ഥിരം ജോലിക്കായുള്ള അലച്ചിൽ. അവിചാരിതമായ യാത്രയായതിനാൽ സനിതയെ കാണാനോ യാത്ര പറയാനോ സാധിച്ചില്ല. ഓർമ്മയിലെ വിലാസത്തിലേക്കയച്ച കത്തുകൾ കൈപ്പറ്റാതെ പലകുറി മടങ്ങി. പൊതുവേ സൗഹൃദങ്ങൾ കുറവായതുകൊണ്ട് അന്വേഷിച്ച് കണ്ടുപിടിക്കാനും ആരും ഉണ്ടായിരുന്നില്ല.

അവളുടെ മകൻ. പ്രപഞ്ചൻ! അപ്പോൾ അവൾക്ക് മറക്കുവാനും കഴിഞ്ഞു.

'സനിത എപ്പോഴാണ് വരിക.?'

ഓർമ്മയിൽ നിന്നുണർന്ന് ഞാനവരെ നോക്കി. എന്നാൽ അവിടം ശൂന്യമായിരുന്നു. അടുക്കളയിൽ പാത്രങ്ങളുടെ കലപിലയൊച്ചകൾ കേൾക്കുന്നു.

അല്പസമയം എന്തുചെയ്യണമെന്നറിയാതെ ഞാനിരുന്നു.

'മോനെ ഇതാ ഈ ചായ കുടിക്കൂ.'

സനിതയുടെ അമ്മ കയ്യിൽ ആവി പറക്കുന്ന ഒരു കപ്പ് ചായ എനിക്കു നേരെ നീട്ടി. എന്റെ തൊണ്ട വല്ലാതെ വരണ്ടു പോയിരുന്നു. ഞാനത് ആർത്തിയോടെ വാങ്ങി ചുണ്ടോടടുപ്പിച്ചു.

'സനിത ഇപ്പോൾ വരുമോ?'

'അവൾ... അവൾ ഇനി വരില്ല. '

ഞാൻ ഞെട്ടലോടെ അവരെ നോക്കി

'അവൾ ഇനി ഒരിക്കലും തിരിച്ചു വരില്ല.'

അവരുടെ കണ്ണുകൾ നിറഞ്ഞ തുളുമ്പി. പ്രപഞ്ചൻ അവർക്ക് പിന്നിൽ നിന്ന് എന്നെ എത്തിനോക്കുന്നുണ്ടായിരുന്നു.

'ഈ കുഞ്ഞിനെയും എന്നെയും ഉപേക്ഷിച്ച് അവളാ പാപനാശിനിയിലേക്ക് ഇറങ്ങിപ്പോയി. അവർ അകലെ പുഴയിലേക്ക് വിരൽ ചൂണ്ടി. ഞാൻ നടുങ്ങി.

കയ്യിലിരുന്ന ചായ തുളുമ്പി ചൂടാൽ വിരൽ പൊള്ളി.

അതിലേറെ പൊള്ളൽ മനസ്സിലായിരുന്നു.

'പ്രപഞ്ചന്റെ അച്ഛൻ?'

'അവന് അച്ഛനില്ല'

'അപ്പോൾ..'

'എന്റെ കുട്ടി. എത്ര കഷ്ടപ്പെട്ട് പഠിച്ചതാ. ഒടുവിൽ ഒരു ജോലി കിട്ടി. അവളുടെ അച്ഛൻ കിടപ്പിലായിരുന്നല്ലോ. ദൂരെയായിരുന്നിട്ടും എല്ലാ ദിവസവും രാത്രിവണ്ടിക്ക് അവൾ വീട്ടിലെത്തിയിരുന്നു. ഒരു ദിവസം ആരൊക്കെയോ അവളെ. ... എന്റെ കുട്ടി മിണ്ടാതെ , ഉറങ്ങാതെ എത്ര രാത്രികൾ . ആധി കയറി അവളുടെ അച്ഛനും പോയി. എത്ര രാത്രി ഞാനവളെ കെട്ടിപ്പിടിച്ച് ഉറങ്ങാതെ കരഞ്ഞു .

പിന്നെ പിന്നെ അവൾ ഒന്നും മിണ്ടാതെയായി. വിഷാദമാണെന്നാ ഡോക്ടർമാർ പറഞ്ഞത്. അതിനിടയിൽ അവൾ ഗർഭിണിയായി. പ്രസവിച്ചു. ഈ കുട്ടിയെ അവൾ തിരഞ്ഞു നോക്കിയതു തന്നെ വളരെ അപൂർവ്വമായിരുന്നു. . ഇവന് മൂന്നു വയസ്സുള്ളപ്പോഴാണ് ഒരു ദിവസം പുലർച്ചെ വാതിൽ തുറന്ന് ഇറങ്ങിപ്പോയി. എന്നും ഉറക്കമൊഴിച്ചിരിക്കാറുള്ളതാ ഞാൻ . അന്ന് ഉറങ്ങിപ്പോയി. കാണാണ്ട് ഒരുപാട് അന്വേഷിച്ചു. രണ്ടു ദിവസം കഴിഞ്ഞപ്പോഴാണ് ആളുകൾ ഓടി വന്നു പറഞ്ഞത് പുഴക്കരയില് പൊന്തിയിട്ടുണ്ടെന്ന്. '

അവർ വിങ്ങിപ്പൊട്ടി . കുട്ടി ഒന്നുമറിയാതെ അവരെ കെട്ടിപ്പിടിച്ച് ഒപ്പം കരയാൻ തുടങ്ങി.

ഞാൻ എന്ത് ചെയ്യണമെന്നറിയാതെ പകച്ചു. ചോര വാർന്ന ഹൃദയത്തിൽ മുള്ള് കൊളുത്തി വലിക്കുന്ന പോലെയുള്ള വിങ്ങൽ.

' ആരുടെ ആയാലും എന്റെ മോള് പെറ്റതല്ലേ. എനിക്ക് വേറെയാരാ തുണ. എന്റെ കാലം കഴിയണത് വരെ ഞാൻ എങ്ങനേലും നോക്കും..,'

അവർ രണ്ടാം മുണ്ടിന്റെ തലപ്പുയർത്തി മുഖം അമർത്തി തുടച്ചു. കുഞ്ഞിനെ ചേർത്തുപിടിച്ചു.

'ഇതാരാ അമ്മാമ്മെ, '

കുട്ടി എന്നെ പകപ്പോടെ നോക്കി. ആ നോട്ടം എന്റെ ഉള്ളിൽ തറഞ്ഞു.

ഉള്ളാഴങ്ങളിൽ എവിടെയോ വാത്സല്യം കിനിഞ്ഞു.

'ഇത് മോന്റെ ....'

'മോന്റെയച്ഛനാണ്. ഇങ്ങോട്ടു വാ ' പൊടുന്നനെ ഞാൻ ചാടിക്കയറി പറഞ്ഞു. അവർ അമ്പരന്നു.

. ഞാനവനെ വാരിയെടുത്തു. അവൻ അനുസരണയോടെ എന്റെ കൈകൾക്കുള്ളിൽ ഒതുങ്ങിയിരുന്നു.


●

# അപൂർണ്ണമായ ചിത്രം



കൃഷ്ണകുമാർ മാപ്രാണം

കഥ



തന്റെ അറുപത്തിരണ്ടാം വയസ്സിലാണ് ആനന്ദ് ആ പെയിന്റിംഗ് ക്ലാസ്സിൽ ചേർന്നത്. റിട്ടയർമെന്റിന് ശേഷമുള്ള ഏകാന്തത മാറ്റാനായിരുന്നു അത്. അവിടെ വെച്ചാണ് അദ്ദേഹം നിലയെ കാണുന്നത്. ഇരുപത്തിരണ്ട് വയസ്സുകാരിയായ നില, ആ ക്ലാസ്സിലെ ഏറ്റവും മിടുക്കിയായ ചിത്രകാരിയായിരുന്നു.

അവർക്കിടയിൽ സംസാരങ്ങൾ കുറവായിരുന്നു. പക്ഷേ, നിറങ്ങളെക്കുറിച്ചും നിഴലുകളെക്കുറിച്ചും അവർക്ക് ഒരേ കാഴ്ചപ്പാടായിരുന്നു.

ഒരു ദിവസം വൈകുന്നേരം, ക്ലാസ്സ് കഴിഞ്ഞ് ഇറങ്ങുമ്പോൾ നില ആനന്ദിനോട് ചോദിച്ചു:

ആനന്ദ് സാർ, സാറിന്റെ ചിത്രങ്ങളിൽ എപ്പോഴും ഒരു സ്ത്രീയുടെ നിഴൽ ഉണ്ടല്ലോ, അത് ആരാണ്?'

ആനന്ദ് ഒന്ന് പുഞ്ചിരിച്ചു.

'അതൊരു പൂർത്തിയാകാത്ത ചിത്രമാണ് നിലാ. അത് വരച്ചു തീർക്കാൻ എനിക്ക് ഈ ജന്മം മതിയാകില്ലെന്ന് തോന്നുന്നു.'

നില അദ്ദേഹത്തിന്റെ കണ്ണുകളിലേക്ക് നോക്കി. അവിടെ കണ്ടത് വാർദ്ധക്യമായിരുന്നില്ല, മറിച്ച് പ്രണയത്തിന് വേണ്ടി ദാഹിക്കുന്ന ഒരു ചെറുപ്പക്കാരന്റെ ആത്മാവിനെയായിരുന്നു.

നില അന്ന് തന്റെ ഡയറിയിൽ കുറിച്ചു

'ഞങ്ങൾ കണ്ടുമുട്ടിയത് ഒരേ കടൽതീരത്താണ്. പക്ഷേ, ഞാൻ സൂര്യോദയത്തിലും അദ്ദേഹം സൂര്യാസ്തമയത്തിലുമാണ് നിൽക്കുന്നത്. ആ ചുവപ്പ് ഒന്നാണെങ്കിലും ഞങ്ങളുടെ കാലം വെവ്വേറെയാണ്.'

ദിവസങ്ങൾ കടന്നുപോയി...നിലയ്ക്ക്

അദ്ദേഹത്തോട് പതിയെ ഒരു പ്രണയം...അതൊരു ആഴത്തിലുള്ള ഒരു അനുരാഗമായിരുന്നു.

ഒരു ദിവസം നില തന്റെ പ്രണയം അദ്ദേഹത്തോട് തുറന്നു പറഞ്ഞു. ആനന്ദ് വല്ലാത്തൊരു സങ്കടത്തോടെ അവളെ നോക്കി.

'നില, എനിക്ക് നിന്നോട് പ്രണയമില്ല എന്ന് പറഞ്ഞാൽ അത് നുണയാകും. പക്ഷേ, എന്റെ പ്രായം നിന്റെ ഭാവിയെ തകർക്കാൻ പാടില്ല. നിനക്ക് മുന്നിൽ ഒരു വസന്തമുണ്ട്. എനിക്ക് മുന്നിൽ മഞ്ഞുകാലവും.'

'പ്രണയത്തിന് പ്രായമുണ്ടോ സാർ?'

നില ചോദിച്ചു.

'പ്രണയത്തിനില്ല നിലാ, പക്ഷേ ഈ ശരീരത്തിനുണ്ട്. നിനക്ക് എന്നെ സ്നേഹിക്കാം, പക്ഷേ എനിക്ക് നിന്നെ സ്വന്തമാക്കാൻ കഴിയില്ല. കാരണം,

മുപ്പത് വർഷം മുൻപ് വരേണ്ടവളായിരുന്നു നീ. അന്ന് നീ വന്നിരുന്നെങ്കിൽ എന്റെ ഈ ജീവിതം മറ്റൊന്നായേനെ.'

അടുത്ത ദിവസം മുതൽ ആനന്ദ് ക്ലാസ്സിൽ വരാതെയായി. നില അദ്ദേഹത്തിന്റെ വീട്ടിൽ ചെന്നപ്പോൾ കണ്ടത് പൂട്ടിയിട്ട വാതിലായിരുന്നു. വാതിലിൽ ഒരു ചെറിയ കവർ ഒട്ടിച്ചു വെച്ചിരുന്നു. അതിൽ ഒരു ചിത്രം ഉണ്ടായിരുന്നു.

മുൻപ് അദ്ദേഹം വരച്ചിരുന്ന ആ നിഴൽ രൂപത്തിന് ഇപ്പോൾ നിലയുടെ മുഖമായിരുന്നു. ചിത്രത്തിന് താഴെ അദ്ദേഹം ഇങ്ങനെ എഴുതി:

'നമ്മുടെ പ്രണയം തെറ്റല്ല നിലാ, പക്ഷേ നമ്മൾ എത്തിയ തീവണ്ടി സ്റ്റേഷനുകൾ മാറിപ്പോയി. അടുത്ത ജന്മത്തിൽ, നമ്മൾ ഒരേ




പ്രായത്തിൽ, ഒരേ നിമിഷത്തിൽ കണ്ടുമുട്ടും. അന്ന് നമുക്ക് ഈ ചിത്രം പൂർത്തിയാക്കാം.'

നില ആ ചിത്രം നെഞ്ചോട് ചേർത്തുപിടിച്ചു. കാലം തെറ്റിവന്ന ആ പ്രണയം അവൾക്ക് സമ്മാനിച്ചത് ഒരു ആയുഷ്കാലം മുഴുവൻ ഓർക്കാനുള്ള ഒരു വേദനയായിരുന്നു. ●

# മാവിലശ്ശേരിയിലെ കനൽ





അനിൽ മണ്ണത്തൂർ

**മാ**വിലശ്ശേരിയുടെ പച്ചപ്പിനിടയിൽ ആ പഴയ തറവാട് ഇന്നും തളരാതെ നിൽപ്പുണ്ട്. പടിയ്ക്കൽ കാത്തുനിൽക്കുന്ന നന്ദിനിയമ്മയുടെ കണ്ണുകൾ ഇടവഴിയിലേക്ക് നീണ്ടു. പക്ഷേ, ആ വഴികളിലൂടെ പണ്ട് ഓടിനടന്ന ആ പഴയ 'അക്ഷര'യല്ല ഇന്ന് മടങ്ങിയെത്തിയത്. മുഖത്തിന്റെ പകുതിയും മറച്ച ആ വലിയ ഷാളിനുള്ളിൽ ഒളിച്ചിരിക്കുന്നത് ഒരു നഗരത്തിന്റെ ചതിക്കുഴികളിൽ വീണുപോയ ഒരു പെൺകുട്ടിയുടെ തകർന്ന സ്വപ്നങ്ങളായിരുന്നു.

അക്ഷര ജനാലയ്ക്കൽ ഇരുന്ന് ദൂരെയുള്ള കുന്നിൻചെരിവിലേക്ക് നോക്കി. അവിടെ അവളുടെ അച്ഛൻ ജനാർദനൻ മുണ്ടു മടക്കിക്കുത്തി കൃഷിപ്പണിയിലാണ്. ബിരുദം കഴിഞ്ഞപ്പോൾ നഗരത്തിലെ വലിയ കോളേജിൽ വിടാൻ പണമില്ലാതെ വിഷമിച്ചപ്പോൾ, അച്ഛൻ തന്റെ ഏക സമ്പാദ്യമായ ആ പറമ്പ് പണയപ്പെടുത്തിയത് അവൾ ഓർത്തു.

'മോളേ... അക്ഷരാ... നീ ഇങ്ങനെ ഇരിക്കല്ലേ,' ജനാർദനൻ ഉള്ളിലേക്ക് കയറിവന്നു. അദ്ദേഹത്തിന്റെ കൈകളിൽ മണ്ണ് പുരണ്ടിരുന്നു.

'അച്ഛാ... ഞാൻ ഒന്നിനും കൊള്ളാത്തവളായിപ്പോയി. എല്ലാവരെയും നാണം കെടുത്തിയില്ലേ?' അവളുടെ ശബ്ദം വിറച്ചു.

'നീ എന്തിനാ മോളേ അങ്ങനെ പറയുന്നത്?' ജനാർദനൻ അവളുടെ അരികിൽ ഇരുന്നു. 'പഠിപ്പും പരിഷ്കാരവും ഒക്കെ നല്ലതാ. പക്ഷേ നമ്മൾ നഗരത്തിന്റെ വെളിച്ചത്തിൽ സ്വന്തം നിഴലിനെ പോലും തിരിച്ചറിയാതെ പോയി. അതൊരിക്കലും നിന്റെ മാത്രം തെറ്റല്ല.'

അക്ഷര ഓർമ്മകളിലേക്ക് ഊളിയിട്ടു. മാവിലശ്ശേരിയിലെ ആ സാധാരണ പെൺകുട്ടിയിൽ നിന്ന് നഗരത്തിലെ 'സ്റ്റൈലിഷ്' അക്ഷരയിലേക്കുള്ള മാറ്റം എത്ര വേഗത്തിലായിരുന്നു. തന്റെ മൂന്ന് സഹോദരന്മാരെയും അവൾ പുച്ഛിച്ചിരുന്നു. രാഘവനും, കുമാരനും, ബാലനും അവർക്ക് പഠിക്കാൻ ബുദ്ധിയില്ലെന്നും വെറും 'നാടൻ' ആളുകളാണെന്നും അവൾ കൂട്ടുകാരികൾക്കിടയിൽ പരിഹസിച്ചു.



'ജീവിതം ഒരിക്കലേയുള്ളൂ, അത് അടിച്ച് പൊളിക്കണം,' കോളേജിലെ സൗഹൃദങ്ങൾ അവളെ പഠിപ്പിച്ചത് ഇതായിരുന്നു.

നഗരത്തിലെ ഓരോ രാത്രിയും അവൾക്ക് ആഘോഷമായിരുന്നു. ആത്മാർത്ഥമായി സ്നേഹിച്ചവരെ അവൾ ചവിട്ടിമെതിച്ചു. സുഖങ്ങൾ തേടിയുള്ള അവളുടെ യാത്രയിൽ അവൾക്ക് വഴിതെറ്റി. അവളുടെ സൗന്ദര്യത്തെ മാത്രം മോഹിച്ച നഗരത്തിലെ കാമുകന്മാർ ഒടുവിൽ അവളെ ഒരു കരിഞ്ഞ മണ്ണാങ്കട്ടയാക്കി മാറ്റിയപ്പോൾ, കൂടെ ആരും ഉണ്ടായിരുന്നില്ല. ആസിഡ് അവളുടെ മുഖം മാത്രമല്ല, ആത്മാവിനെക്കൂടി പൊള്ളിച്ചുകളഞ്ഞു.

'അക്ഷരാ... ഇതൊക്കെ കഴിക്ക്,' അവളുടെ ഏട്ടൻ രാഘവൻ ഒരു പാത്രം കഞ്ഞിയുമായി അരികിലെത്തി.

താൻ പഠിപ്പില്ലാത്തവൻ എന്ന് വിളിച്ച് ആക്ഷേപിച്ച അതേ ഏട്ടൻ. നഗരത്തിലെ ആശുപത്രിയിൽ കിടക്കുമ്പോൾ തന്റെ മുറിവുകളിൽ മരുന്നുപുരട്ടാൻ ആ വിറയ്ക്കുന്ന കൈകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. നഗരത്തിലെ ആ സുഹൃത്തുക്കളോ കാമുകന്മാരോ അവിടേക്ക് തിരിഞ്ഞുനോക്കിയില്ല.

'ഏട്ടാ... എനിക്ക് നിങ്ങളോട് മാപ്പ് ചോദിക്കാൻ പോലും അർഹതയില്ല.'

രാഘവൻ പുഞ്ചിരിച്ചു. 'മാവിലശ്ശേരിയിലെ ഈ മണ്ണുണ്ടല്ലോ മോളേ... ഇതിന് പണ്ട് തൊട്ടേ ഒരു ഗുണമുണ്ട്. എത്ര ചവിട്ടി മെതിച്ചാലും ഇത് നമ്മളെ താങ്ങും. നീ ഈ ഗ്രാമത്തെ വെറുത്താലും ഈ ഗ്രാമം നിന്നെ സ്നേഹിക്കും.'

പുറത്ത് മഴ പെയ്യാൻ തുടങ്ങിയിരിക്കുന്നു. മാവിലശ്ശേരിയിലെ മണ്ണിൽ വീഴുന്ന ആദ്യ മഴത്തുള്ളികൾക്ക് ഒരു പ്രത്യേക സുഗന്ധമുണ്ടായിരുന്നു. അക്ഷര തന്റെ ഷാൾ മെല്ലെ മാറ്റി. കരിഞ്ഞുപോയ ആ മുഖത്ത് മഴത്തുള്ളികൾ വീണപ്പോൾ അവൾക്ക് ഒരു കുളിർമ്മ തോന്നി. ബിരുദവും വലിയ ജോലിയും നൽകാൻ കഴിയാത്ത വലിയൊരു പാഠം ജീവിതം അവളെ പഠിപ്പിച്ചിരിക്കുന്നു.

കണ്ടറിയാത്തത് കൊണ്ടറിഞ്ഞു. പക്ഷേ, കൊണ്ടറിഞ്ഞപ്പോഴേക്കും അവൾ ഒരു പുതിയ മനുഷ്യനായി മാറിക്കഴിഞ്ഞിരുന്നു. ഇനി തന്റെ ഗ്രാമത്തിൽ, അച്ഛന്റെയും സഹോദരന്മാരുടെയും തണലിൽ ഒരു പുതിയ അക്ഷരയായി അവൾക്ക് ജീവിക്കണം. ●

# ഹോട്ടൽ ഭാരത് മാതയിലെ കൊലപാതകം



സുബിൻ അയ്യമ്പുഴ



എറണാകുളം കെ എസ് ആർ ടി സി സ്റ്റാൻഡിന്റെ മുന്നിലൂടെ മനുഷ്യർ ഉറുമ്പുകളെപ്പോലെ കണ്ണുക്കെട്ടിനടക്കുന്ന കാഴ്ച വെയില് കൊണ്ട് മുഴുവനായി വാടിയ മോന്തവച്ച് കാണുന്ന സജിലേഷിനെ നോക്കി കൂട്ടത്തിലെ ഏറ്റവും മികച്ച വെൽഡർ എന്ന് സ്വയം പറയുന്ന എൽദോസ് ബേബി പറഞ്ഞു : 'ആരടെ കാലിന്റെ...“

ഞെട്ടലോടെ തിരിഞ്ഞപ്പോൾ കഴുത്തിലെ ഞരമ്പ് പൊട്ടിയപ്പോലെ ഒരു വേദന. അത് കടിച്ചമർത്തി സജിലേഷ് എൽദോസ് ബേബിയെ ഒരു കുഞ്ഞിനെപോലെ നോക്കി. ഒരു വളിച്ച ചിരി വരണ്ട് പൊട്ടിയ ചുണ്ടിലൊട്ടിച്ചുകൊണ്ട് മറുപടി പറയാതെ അവൻ നിന്നു.

'ചെറുക്കാ മാനത്തേക്ക് നോക്കി നിക്കാണ്ട് ഇവിടെ ശ്രദ്ധിക്കട. താഴെ വീണാൽ മൈര് നിന്റെ പൊടിപ്പോലും കിട്ടൂലാ. ടാക്കടിക്കാൻ പഠിക്കണമെന്ന് പറഞ്ഞ് മേലേക്കേറിട്ട് ചെർക്കൻ....'. ബേബി സൂര്യനേക്കാൾ കത്തി.

'ടാ സജിലേഷേ... ഷിന്റോച്ചേട്ടൻ മൂന്ന് മണിക്ക് വരുട്ടോ. ഇന്ന് വെൽഡിങ് തീർത്തിട്ട് വേണം നാളെ ഷീറ്റ് അടിക്കാൻ. ഒഴപ്പല്ലേ.“ ഷാരോജിത്ത് വെൽഡിങ് റാട് കത്തിപോലെ ചൂണ്ടിക്കൊണ്ട് സജിലേഷിനോട് പറഞ്ഞു.

'ഷിന്റോ വന്നാൽ മൂഞ്ചിക്കോളാൻ പറയും ഞാൻ. പത്താം നേലെടെ മേളില് കേറി ഒരൊറ്റ കയറിന്റെ ബലത്തിലാ ഈ കണ്ട പണിമൊത്തം ചെയ്തത്. ഇനി നാളെ ബോഡ് വലിച്ച് കേറ്റണം, സ്ക്രൂ അടിക്കണം, താഴെ ഇറങ്ങി കട്ട് ചെയ്യണം, സൈഡ് ഷീറ്റ് അടിക്കണം... റോബോട്ട് അല്ല മനുഷ്യൻ ആണ്. തീർക്ക്..തീർക്ക് എന്ന് അവന് ഓർഡർ ഇടാൻ അല്ലേ അറിയൂ. ഒന്ന് സൈറ്റ് വരെ വന്നിട്ട് എന്താ? എങ്ങനാ? ഒന്ന് ചോദിക്കാൻ. അല്ലേൽ ഒന്ന് വിളിക്കാൻ. ഷിന്റോ വന്നാ...അവന്റെ...' എൽദോസ് ബേബി തെറി തുപ്പിക്കൊണ്ടിരുന്നു.

ഏത് നേരത്താണാവോ നോക്കാൻ തോന്നിയത് എന്ന മട്ടിൽ തല കീഴെയിട്ട് സജിലേഷ് പണിയിൽ മുഴുകി.

'എടാ നീ താഴെ ഇറങ്ങിക്കോ. വേഗം പ്രൈമർ അടിക്കാൻ ഒള്ളത് തീർ

ക്ക്. എന്നിട്ട് ഊണ് മേടിച്ചിട്ട് വായോ.' ഷാരോജിത്ത് സജിലേഷിനോട് പറഞ്ഞു.

'അപ്പോ സൈഡില് അളവെടുക്കാൻ ആള് വേണ്ടേ. എല്ലാം എന്നാ ഞാൻ ഒറ്റക്ക് ചെയ്യാം'. മികച്ച വെൽഡറിന്റെ മുഖം കട്ടചുവപ്പായി കത്തി.

'ബേബിചേട്ടാ.. അത് നമ്മക്ക് തീർക്കാന്നേ. എന്തിനാ ചത്തുകിടന്ന് പണിയണേ. നമ്മക്ക് ചേട്ടൻ പറഞ്ഞപോലെ പതുക്കെ തീർക്കാം. ഞാൻ കാണണതല്ലേ ചേട്ടൻ ഈ കെടന്ന് പാട്പെടണത്. ' ഷാരോജിത്തിന്റെ ആ ഒരൊറ്റ ഡയലോഗിൽ എൽദോസ്ബേബി അലിഞ്ഞില്ലാതെ ആയി.

'അല്ലടാമോനെ. നമുക്ക് മനുഷ്യത്വം കൂടിപോയി. അതാ. നിന്റെയും എന്റെയും മനസ് നല്ലതാ. അത് ഷിന്റോ നന്നായിട്ട് ഉപയോഗിക്കണ്ട്. സജിലേഷേ ..മോനെ നീ താഴെ ഇറങ്ങുമ്പോ നോക്കണേ. പ്രൈമർ പയ്യെ അടിച്ചാൽ മതി. റോബോട്ടല്ല.. നമ്മളൊക്കെ മനുഷ്യന്മാരാ ' എൽദോസ് ബേബി വെള്ളക്കൊടി പാറിച്ചു.

**2**

ടിന്നർ ഒഴിച്ച് കയ്യിലെ പ്രൈമർ കഴുകികളഞ്ഞപ്പോൾ വല്ലാത്ത നീറ്റൽ. ഉള്ളംക്കയ്യിൽ തൊലി ഉരുണ്ട് ടാറ് പോലെ ആയി. ലിഫ്റ്റിൽ സാധങ്ങൾ കൊണ്ടുവരാൻ അനുവാദം ഇല്ലാത്തത് കൊണ്ട് എല്ലാം ചുമന്ന് മുകളിൽ കേറ്റണം. ഈ മല്ലൻ പണിക്ക് ആകെ 3 പേരെ ആണ് ഷിന്റോ വച്ചിരിക്കുന്നത്. 2 മെയിൻ പണിക്കാർക്ക് ഒരൊറ്റ ഹെൽപ്പർ. 2 ഹെൽപ്പർ മാര് കൂടി വരും. എന്നാണെന്ന് ആർക്കും അറിയില്ല.

പൊള്ളിയ മുഖത്ത് തണുത്ത വെള്ളം ഒഴിച്ചപ്പോൾ പുക പറന്നപ്പോലെ സജിലേഷിന് തോന്നി. ബാഗിലെ മുഷിഞ്ഞ തോർത്തെടുത്ത് മുഖവും കഴുത്തും തുടച്ചുക്കൊണ്ട് ഫോൺ എടുത്ത് നോക്കി. ആതിരയുടെ 11 മിസ്സ്കോൾ. ആലുവയിൽ സെയിൽസ് എക്സിക്യൂട്ടീവ് ആയി ജോലിക്ക് പോവുന്നതിന് ഒരു ലേഡീസ് ഹോസ്റ്റൽ കുറഞ്ഞ ചിലവിൽ ശരിയാക്കണമെന്ന് അവൾ പറഞ്ഞ കാര്യം അപ്പോഴാണ് ഓർമയിൽ വന്നത്. ഈ കാലത്ത് അയ്യായിരത്തിന് താഴെ ഫുഡ്ഡും സ്റ്റേയും ഉള്ള ഒരു ഹോസ്റ്റൽ തപ്പിയെടുക്കുക വളരെ ബുദ്ധിമുട്ടാണ്. വീട്ടിൽ നിന്ന് പോയി വരുന്നത് അതിനേക്കാൾ പ്രശ്നമാണ്. 7.45 ന്റെ ഡാലിയ കഴിഞ്ഞാൽ പിന്നെ ബസ് ഒള്ളത് രാവിലെ 7.30ക്ക് ആണ്.

'സ്വന്തമായി ഒരു വണ്ടി ഇല്ലാത്തവന് എന്ത് കിണ്ടി ഉണ്ടെന്ന് പറഞ്ഞിട്ടും കാര്യമില്ല' പ്ലസ് ടു ന് പഠിക്കുമ്പോൾ തൊട്ട് ശ്രീക്കുട്ടൻ ഇടയ്ക്കിടക്ക് പറയാറുള്ള ഡയലോഗ് ആണത്.

'ഒരാൾക്ക് കഷ്ടിച്ച് നടക്കാൻ മാത്രം വഴിയുള്ള നമ്മടെ ഈ മൊട്ടക്കുന്നില് വണ്ടി ഉണ്ടായിട്ടെന്താ കാര്യം .. അതിന് ആദ്യം വഴി വേണ്ടേ ' അമൽ ഷിബു തിരിച്ച് ചോദിക്കും.

സജിലേഷ് അവർക്കൊപ്പം ഇരുന്ന് ആഴത്തിൽ ചിന്തിയ്ക്കും.

'വഴിയോ .. അതോ വണ്ടിയോ...? ' .

കൂടുതൽ ചിന്തകൾ വരാൻ തുടങ്ങിയപ്പോഴേക്കും അച്ഛൻ മരിച്ചു. കുടിച്ച് കുടിച്ച് കണ്ണിലെ വെള്ള മുഴുവനായി മഞ്ഞ ആയി തീർന്നപ്പോൾ ഒരു ദിവസം അത് സംഭവിച്ചു. പിന്നെ അമ്മ വീണു. വീടും. ആതിര പോയാൽ വയ്യാണ്ട് കിടക്കുന്ന അമ്മയെ നോക്കാൻ വല്യമ്മച്ചിയെ എല്പ്പിക്കേണ്ടി വരും. എല്ലാം കൂടെ എങ്ങനെ ശരിയാക്കുമെന്ന് ഒരു പിടിയുമില്ല. തലയ്ക്കുള്ളിൽ ആലോചനകൾ വെൽഡിങ് റാടുകൾ പോലെ എരിഞ്ഞു. അനിയത്തി ആതിരയുടെ പഠിപ്പ് പാതി വച്ച് നിന്നതിന്ശേഷം വീട് മൊത്തത്തിൽ ചുടുക്കാടായി മാറി. എന്തുചെയ്യുമെന്ന് ഒരിക്കൽ കൂടി ആലോചിച്ചുക്കൊണ്ട് നടന്നു.

സജിലേഷ് തിരിച്ചു വിളിച്ചു.അവൾ ഫോൺ എടുത്തില്ല. കാലിലെ കുഞ്ഞ് മസിലുകളിൽ നീര് വീണിട്ടുണ്ടായിരുന്നു. ഒന്ന് രണ്ട് മാസമായിട്ട് കൊണ്ടുനടക്കുകയാണ്. കിടങ്ങൂര് പള്ളിയിലെ ഓഡിറ്റോറിയം പണിയാൻ ഹെൽപ്പർ ആയിട്ട് പോയപ്പോൾ അശ്രദ്ധ കൊണ്ട് സംഭവിച്ചതാണ്. ഇപ്പോൾ അത് ശരീരത്തിന്റെ ഒരു ഭാഗമായി ഒട്ടിയതുപോലെ കല്ലിച്ചുകിടക്കുന്നു.

'ചെർക്കന്റെ കിളി തന്ത ചത്തപ്പം പോയതാ' മുതലാളി ഷിന്റോ, പുണ്യാളന്റെ വെള്ളയിൽ തിളങ്ങുമ്പോ സജിലേഷിനെ ചൂണ്ടി ഒച്ച താഴ്ത്തി ഇടക്ക് ഇടക്ക് പറയും. ഓഡിറ്റോറിയത്തിന്റെ മുകളിൽ നിന്ന് ഉരുണ്ട് വീണപ്പോ അങ്ങേര് അത് കുറച്ചൂടെ ഒച്ചത്തിൽ പറഞ്ഞിരുന്നു. എന്നിട്ട് അപ്പോ തന്നെ ചിരിച്ചു. ആ ചിരി കണ്ട് പതിവ് പോലെ സജിലേഷ് മിണ്ടാതെ വരണ്ട ചുണ്ടിൽ ഒരു വാവ ചിരി ഒട്ടിച്ച് വേദന ചവച്ചിറക്കി ആരും കാണാതെ കണ്ണ് തുടച്ചു.

സ്റ്റെപ്പ് പയ്യെ ഇറങ്ങിക്കൊണ്ട് ഫോണിലെ കോൺടാക്ട് ലിസ്റ്റിൽ പ്രതീക്ഷയോടെ ഒരു നമ്പർ എടുത്ത് വിളിച്ചു. 'അനൂപ്ചേട്ടൻ(മെമ്പർ)'.

'ഹലോ'

–ആ പറയട..

'അനൂപേട്ടാ ആതിരയ്ക്ക് ഒരു ഹോസ്റ്റൽ ശരിയാക്കാമോ? '

–എന്തിനാടാ. അവള് വീണ്ടും പഠിക്കാൻ കേറാണോ?

'അല്ല. ജോലി കിട്ടി . സെയിൽസ് എക്സി

ക്യൂട്ടീവ് ആയിട്ട്. നല്ല സാലറി ഇണ്ട്. പക്ഷെ,ആലുവയില് ആണ്. പോയി വരവ് പ്രശ്നാണ്.

–ഹോസ്റ്റല്? ഇവിടെ നമുക്ക് എന്തേലും നോക്കാൻ പാടില്ലേ. അവള് ഒറ്റക്ക്. അതുമല്ലാ അവള് ആലുവയിൽ നിന്നാല്. അമ്മേടെ കാര്യം?.

'അവള് ഒറ്റക്കല്ല. കൂട്ടുകാരികള് ഇണ്ട്. കൂടെ പഠിച്ചവർ. 5–6പേർ ഇണ്ട്. ഇവിടെ നോക്കിട്ട് ഒന്നും ശരിയായില്ല. പിന്നെ അവിടെ ഓൺലൈൻ ആയിട്ട് പഠിക്കാനും പറ്റും. അവൾക്ക് വീട്ടീന്ന് പോണം. ഇരുന്ന് പ്രാന്തായി അവൾക്ക്. കുറെ ആയില്ലേ. പിന്നെ വല്യമ്മച്ചീനെ വിളിക്കാന്ന് വിചാരിക്കാണ്. ഇവിടെ 2 ആഴ്ച പണി ഇണ്ട്. അത് കഴിഞ്ഞെ എനിക്ക് വരാൻ പറ്റൂ...പിന്നെ അവള്. അവള് ജോലിയും പഠിപ്പും ഒരുമിച്ച് കൊണ്ടോക്കോളാം എന്ന് പറഞ്ഞണ്ട്. ചേട്ടൻ നോക്കിട്ട് പറയാമോ. ഞാൻ നോക്കിയാൽ ശരിയാവൂല.

–മ്മ്. ഞാൻ നോക്കട്ടെ. എടാ,അതേയ് പൈസ ആവശ്യം ഇണ്ടോ നിനക്ക്.

'ഏയ്യ്. ഇപ്പൊ വേണ്ടാ. '

–കുഴപ്പമില്ല നീ പറയടാ.

'ഏയ്യ്. ..വേണ്ടാ ചേട്ടാ. കുറച്ച് കഴിഞ്ഞ് ചിലപ്പോ വേണ്ടി വരും. ഹോസ്റ്റൽ ശരിയാക്കിയാൽ ഓക്കേ ആണ്.

–മ്മ്. നോക്കട്ടെട്ടാ. വൈകിട്ട് വിളിക്കാം.

'ശരി '.

ഫ്ലാറ്റിന്റെ പുറത്ത് ഒരൊറ്റ മനുഷ്യരെ കാണാൻ ഇല്ല. താഴെ കാർ പാർക്കിങ്ങിൽ വലിയ രണ്ട് തൂണുകൾ പോലെ രണ്ട് പേരെ കണ്ടു . അവരുടെ കാലുകൾക്ക് താഴെ മരിച്ചുക്കിടക്കുന്ന കുറെയധികം സിഗററ്റുകൾ. സജിലേഷിന്റെ കണ്ണുകളിലേക്ക് തീ പാറുന്ന നോട്ടമെറിഞ്ഞുക്കൊണ്ട് അവർ ഒന്നുകൂടെ കത്തിച്ചു വലിച്ചു. ആതിരയെ വീണ്ടും വീണ്ടും വിളിച്ചു. ലൈൻ കിട്ടുന്നില്ല. ബഹളമില്ലാത്ത ആ റോഡിൽ സജിലേഷ് മാത്രം. പുറകിൽ പിന്തുടരുന്ന വലിയ രണ്ട് തൂണുകളും. ഇന്നലെയും അവരെ ഇതേ റോഡിൽ കണ്ടിരുന്നു. 'വല്ല മരുന്നും അടിച്ച് കിളി പാറിയ കൂട്ടങ്ങളായിരിക്കും' അവൻ മനസിലോർത്തു. വഴി രണ്ടായി തിരിയുന്ന ഇടത്ത് പുറകിൽ പിന്തുടർന്ന ആ രണ്ട് പേർ അപ്രത്യക്ഷരായി.

'ആരാ അവന്മാര്.. മനുഷ്യനെ പേടിപ്പിക്കാൻ". സജിലേഷ് പിറുപ്പിറുത്തു.

**3**

ഭാരത് മാതാ ഹോട്ടൽ. ഉച്ചയൂണിന് എല്ലാ പണിക്കാരും ഇവിടെ ഉണ്ടാവും. പത്തിരുപത് വർഷത്തെ പഴക്കം ഉണ്ടെന്ന് ഷിന്റോ ചേട്ടൻ പറഞ്ഞത് ഓർത്തു. അധികം സൗകര്യമില്ലെങ്കിലും നല്ല വൃത്തിയുള്ള ഭക്ഷണം ആണ്. ഇരുന്ന് കഴിക്കുന്നവർ മേശ പെട്ടന്ന് കാലിയാക്കും അല്ലെങ്കിൽ ശ്വാസം മുട്ടും. കൂടുതലും പാർസൽ ആണ് ആളുകൾ വാങ്ങാറ്. ഇന്നലെ കണ്ടതിനേക്കാൾ ആളുകൾ ഉണ്ട്. അകത്ത് ഒഴിഞ്ഞ ഒരിടത്ത് സജിലേഷ് നിന്നു.

'മൂന്ന് ഊണ്. രണ്ട് സ്പെഷ്യല്'.



–നൂറ്റി തൊണ്ണൂറ്.

'രണ്ട് ഓംലെറ്റ് ഇപ്പ കഴിക്കാൻ'.

–അപ്പോ 220.

'ഒരു കട്ടൻചായ കൂടി'.

സജിലേഷിന്റെ ചുണ്ടിലെ വാവ ചിരി കണ്ട് കടക്കാരൻ ഇരിക്കാൻ ആംഗ്യം കാണിച്ചു.

മേശപ്പുറത്തിരുന്ന ചൂട് ജീരകവെള്ളം കുടിച്ചുകൊണ്ട് വെറുതെ പുറത്തേക്ക് നോക്കി. വലിയ ആ രണ്ട് മനുഷ്യർ പുറത്ത് നിക്കുന്നു. അവനെ തുറിച്ചുനോക്കിയ ശേഷം പിന്നെയും സി

ഗരറ്റ് കത്തിക്കുന്നു. നേരത്തെക്കാൾ ഇരുത്തി വലിച്ചുവിടുന്നു.

സജിലേഷ് വീണ്ടും പിറുപ്പിറുത്തു.

'ആരാ ഇവര് '.

## 4

ഒരാഴ്ചക്ക് മുൻപ്. മഞ്ഞപ്ര അരമന ബാറിന്റെ കാർ പാർക്കിങ്. സജിലേഷിനെ പിന്തുടർന്ന ആ വലിയ രണ്ട് തൂണ് മനുഷ്യർ. പാവറട്ടി പോളി, നീരാളി ജോജോ . ഇവർക്കൊപ്പം ഇരിക്കുകയാണ് സുരേഷ് കുമാർ. സുരേഷ് കുമാറിന്റെ ഭാര്യയെ മാസങ്ങൾക്ക് മുൻപ് തൊട്ടടുത്തുള്ള വീട്ടിൽ ജോലിക്ക് വന്ന സമയത്ത് പരിചയപ്പെടുകയും പിന്നീട് സുരേഷ് കുമാർ ഗൾഫിൽ പോയ സമയത്ത് വീട്ടിൽ വന്നുപോകുകയും ഭാര്യ അംബികയുടെ 10 പവൻ സ്വർണ്ണവും നാൽപ്പത്തിനായിരം രൂപയും മോഷ്ടിച്ച് കടന്ന് കളഞ്ഞ ഒരുത്തനെ തീർക്കാനുമുള്ള പരുപാടിക്ക് മുന്നേയുള്ള മീറ്റിംഗ് ആണ്. കുറച്ച് കാലമായി സുരേഷ് കുമാർ ഭാര്യയുടെ ഈ കളി തപ്പിനടക്കുന്നു. എത്ര ചോദിച്ചിട്ടും അവൾ പറയാൻ തയ്യാറായില്ല. നാട്ടുക്കാര് പറയുന്ന കഥകൾ കേട്ട് സഹിക്കെട്ട് ഒടുവിൽ ലോങ്ങ് ലീവ് എടുത്ത് നാട്ടിൽ വന്നതാണ് അയാൾ. ഒടുവിൽ പ്രിയ സുഹൃത്ത് വിനുമോഹൻ ആണ് പള്ളിയിലെ ഓഡിറ്റോറിയത്തിൽ പണിക്ക് വന്ന ഒരു പയ്യന്റെ കാര്യം പറഞ്ഞത്.

'പയ്യൻ ഏതുനേരവും അടിച്ച് പാറി നടപ്പാണ്. കണ്ടാൽ പാവത്തം തോന്നിക്കും. അത് വച്ചാണ് അവന്റെ കളി. നമ്മടെ സലി അങ്കിളിന്റെ വീട്ടിലും ഉണ്ടായിരുന്നു അവൻ. മൂന്ന് ആഴ്ച ഉണ്ടായിരുന്നു. അങ്കിളിന്റെ പെൺകൊച്ചുമായിട്ട് എന്താണ്ടൊക്കെ ഇടപ്പാട് ഉണ്ടായിരുന്നു. നാണക്കേട് കൊണ്ട് പറയാഞ്ഞതാ. അന്ന് അവന് കൊടുത്ത് വിട്ടേർന്നെങ്കിൽ ഇത് സംഭവിക്കില്ലായിരുന്നു. നമ്മടെ വിലപ്പോണ കേസ് ആണ്. അതാ ആ പുള്ളി വിഷയം ആക്കാതിരുന്നേ. അതല്ലേ ഇവന്മാരൊക്കെ ഇങ്ങനെ നടക്കണത്. ഇത് നമ്മക്ക് പിടിക്കണം. ഞാൻ നോക്കട്ടെ. നമ്മടെ കൈ അഴുക്കാക്കണ്ട. ഏത്.' വിനുമോഹൻ ഉപദേശിച്ചു.

ഒടുവിൽ വിനുമോഹന്റെ നേതൃത്വത്തിൽ അംബിക കുറ്റം സമ്മതിച്ചു.

'തെറ്റ് പറ്റി. എപ്പോഴോ ഞാൻ അറിയാതെ'. അംബിക സുരേഷ്കുമാറിന്റെ കാലിൽ വീണ് പിടഞ്ഞു.

അവന്റെ പേരും വിവരവും അവള് തന്നെ സുരേഷിന് കൊടുത്തു. നേരിട്ട് ഇടപ്പെടാനുള്ള സമയം ഇല്ലാത്തത് കൊണ്ടും പോലീസിൽ അറിയിച്ചാലുള്ള നാണക്കേട് ഓർത്തുമാണ് കൊട്ടേഷൻ കൊടുത്തത്. നല്ലൊരു പണി കൊടുക്കണം. കൊല്ലണം എന്നില്ല. എന്നതായിരുന്നു സുരേഷ് കുമാറിന്റെ ആവശ്യം.

'സജിലേഷ് .. അതാണ് ഈ നായിന്റെ മോന്റെ പേര്'.

സുരേഷ്കുമാറിന്റെ പല്ല് ഞെരിച്ചുകൊണ്ട് പറഞ്ഞു.

-ഇവൻ പൊടിയാണല്ലോ സുരേഷേട്ടാ. ഇവനാണോ നിങ്ങൾക്ക്. അല്ലാ ചേച്ചിക്ക്... നീരാളി ജോജോടെ ചിരിയിൽ കാർ കുലുങ്ങി.

തകർന്ന അവസ്ഥയിൽ ഒരു ഗ്ലാസ്സ് മദ്യം കൂടെ വലിച്ചുക്കേറ്റിയ ശേഷം സുരേഷ്കുമാർ പറഞ്ഞു: ' അവനെ കണ്ടാൽ അറിയില്ലേ. കണ്ട പട്ടികൾക്ക് ഇണ്ടായ. അവനെ ശെരിക്കും പെരുമാറണം. അവന്റെ സാമാനം എടുത്ത് നിലത്ത് ഒരക്കണം. എന്നിട്ട് .എന്നിട്ട്.. അവന്റെ ഇത്തിരിപ്പോന്ന അവന്റെ..കഴുത്തില്ലേ. ആ കഴുത്ത് പിടിച്ച് ഞെരിച്ച്. അവന്റെ..'

'പോട്ടെ..പോട്ടെ. വിട് വിട്. ഞങ്ങള് നോക്കിക്കോളാം. ചേട്ടൻ മനസ് വിഷമിപ്പിക്കല്ലേ. അല്ലേലും ഈ നായിന്റെ മക്കൾക്ക് ഒരു വിചാരമുണ്ട്. എന്തും ആവാന്ന്. നമ്മളൊക്കെ തൊട്ടാൽ ഇവന്മാർക്കൊക്കെ ഭയങ്കര സപ്പോർട്ട് അല്ലേ. ഓരോ പണ്ടപ്പരപ്പും പരാതിയും കണ്ണീരും കാണിച്ച് നല്ല ഇനത്തില് ഒള്ള..നേലേം വെലേം ഒള്ള. ഏത്. ചേട്ടനെ പോലെ കുടുംബത്തിൽ പിറന്നവരുടെ വീട്ടില് കേറി മേയും. നമ്മടെ മനസ് നല്ലതായൊണ്ട് അയഞ്ഞുകൊടുക്കും അപ്പോ ഇതിറ്റങ്ങള് കിണറ് കുത്തും. എന്ത് കുത്തും കിണറ് കുത്തും..' .നീരാളി സജിലേഷിന്റെ ഫോട്ടോ ഒന്നുടെ നോക്കിയിട്ട് സുരേഷ്കുമാറിന് ഒന്നുകൂടെ ഒഴിച്ച് കൊടുത്തു.

'ഇവനെ ഞാൻ ഞെരിക്കും.ചേട്ടൻ വിഷമിക്കാതെ ഇരിക്ക്' നീരാളി പറഞ്ഞു.

## 5

ഭാരത് മാതാ ഹോട്ടൽ. ജീരകവെള്ളം അകത്തേക്ക് ചെന്നപ്പോൾ കെട്ടുപോയ വിശപ്പ് വീണ്ടും വയറിൽ ഉരുണ്ട് കേറി കുള കുള എന്ന് അനക്കിക്കൊണ്ടിരുന്നു. സജിലേഷിന്റെ കണ്ണ് സ്റ്റീൽ കപ്പിലെ മുട്ടയിലേക്കും സവാളയിലേക്കും മാറി മാറി ഓടിക്കൊണ്ടിരുന്നു. പെട്ടന്ന് ഫോൺ അടിച്ചു.

'ഹലോ. നീ എവിടെയായിരുന്നു. വിളിച്ചിട്ട് കിട്ടിയില്ലല്ലോ?' .

-ചേട്ടായി ഞാൻ കുളിക്കുവായിരുന്നു. ഹോസ്റ്റൽ നോക്കിയേർന്നോ?

'ഞാൻ അനൂപേട്ടന്റെ അടുത്ത് പറഞ്ഞിട്ടുണ്ട്. വൈകിട്ട് വിളിക്കാന്ന് പറഞ്ഞണ്ട്.

-അടുത്ത ആഴ്ചയ്ക്കുള്ളില് ശരിയാവോ?

'നോക്കാം. നല്ല പൈസ ആണ് പറയണേ. പിന്നെ നിനക്ക് ഡ്രസ്സ് ഒക്കേം വാങ്ങണ്ടേ '

-അത് പയ്യെ മതി ചേട്ടായി. കോഴ്സ് ന് ഇച്ചിരി പൈസ മാറ്റിവക്കണം. ഞാൻ അതാ ആലോചിക്കണേ.

'അനൂപ് ചേട്ടൻ പൈസേടെ ആവശ്യം ഇണ്ടെങ്കിൽ പറയാൻ പറഞ്ഞണ്ട്.

-മ്മ്.

'എടാ നീ ഒരു കോപ്പും മിണ്ടണ്ടാ. വണ്ടി മര്യാദക്ക് ഓടിച്ചില്ലെങ്കിൽ കണ്ടവന്മാർ ഇതുപോലെ വന്ന് തല്ലും. നാണമില്ലാത്തവൻ'. നീരാളി ജോജോ വലിയ ഒച്ചയിൽ ഭാരത് മാതയെ വിറപ്പിച്ചുകൊണ്ട് കേറി വന്നു.

-അയ്ന് ഞാൻ എന്ത് ചെയ്തിട്ടാ നീ തുള്ളണേ. ആ പൊട്ടൻ വേറെ ഏതോ കാലിന്റെ എടേല് നോക്കി വന്നതല്ലേ. നീ എന്തിനാ കണ്ടവന്മാരെ സപ്പോർട്ട് ചെയ്യണേ. അവനെ അത്രയ്ക്ക് പിടിച്ചെങ്കി നിന്റെ തള്ളേനെ കെട്ടിച്ചുക്കൊടുക്കടാ. എന്നിട്ട് തന്തേന്ന് വിളി.

'ചിലക്കല്ലേടാ കഴുവേറി..നിന്നെ ഞാൻ'

എന്ന് പറയലും നീരാളി പാവറട്ടി പോളിയെ തള്ളിയതും ഒരുമിച്ചായിരുന്നു.

രണ്ട് പേരും ചെന്ന് സജിലേഷിന്റെ പുറത്തേക്ക് ചാടി വീണു. മുട്ടുസൂചി കേറ്റാൻ ഇടമില്ലാതെ ശ്വാസം മുട്ടിയ ഭാരത് മാതയുടെ ഉള്ളിൽ ആളുകൾ തമ്മിൽ തല്ലാൻ തുടങ്ങി.

'എന്താ. .

അവരെ പിടിച്ച് മാറ്റ്. .

കടയില് കേറി തെണ്ടി തരം കാണിക്കുന്നോടാ..

പോലീസിനെ വിളിക്ക്. .

ആരാടാ നീയൊക്കെ?'

ആരൊക്കെയോ അലറി. ഒരു ചെറിയ സമയം കൊണ്ട് ഹോട്ടൽ നിന്ന് കത്തി. നീരാളിയും പോളിയും ഇതിന്റെ ഇടക്ക് കിട്ടിയ അവസരം മുതലാക്കി. ഇടയിൽ പെട്ടുപ്പോയ സജിലേഷിന്റെ കഴുത്തിൽ വലിയ കാൽമുട്ട് വച്ച് ഞെരിച്ചു. ഒരിറ്റ് ശ്വാസത്തിന് വേണ്ടി അവൻ അലറി. ആളുകൾ ബഹളത്തിനിടയിൽ പെട്ട് ശ്വാസം മുട്ടി പിടഞ്ഞു ഒരാൾക്ക് മീതെ ഒന്നിനൊന്നായി വീണ് നിലവിളിച്ചു. എല്ലാരുടെയും ചവിട്ടേറ്റ് സജിലേഷിന്റെ കുഞ്ഞ് ശരീരം പിടഞ്ഞു.

'ന്റെ കഴുത്ത്. ..ചേട്ടാ ന്റെ. .അയ്യോ...നിക്ക് ശ്വാസം കിട്ടണില്ല. .ക്ക്. ..ന്റെ അമ്മേയ്. .അമ്മേ. .'

നീരാളിയുടെ മുട്ടിന് കീഴെ ഒടുവിൽ ഞെരിഞ്ഞ ഒരു ശബ്ദം. സജിലേഷിന്റെ അവസാന ശ്വാസം നിന്നതിന് ശേഷവും അയാൾ ഞെരിച്ചുകൊണ്ടിരുന്നു. ആൾക്കൂട്ടത്തെ സകല ബലവുമെടുത്ത് തള്ളിയിട്ട് അവരിരുവരും പേപ്പിടിച്ച നായ്ക്കളായി എങ്ങോട്ടോ ഓടി മറഞ്ഞു. സംഭവത്തിൽ സജിലേഷ് അടക്കം മൂന്ന് പേർ മരിച്ചു. ആറ് പേർക്ക് പരിക്കേറ്റു. ചോര ഛർദിച്ച് കഴുത്തൊടിഞ്ഞ് കുടൽ മലത്തോടൊപ്പം പുറത്ത് ചാടി വല്ലാത്തൊരു അവസ്ഥയിൽ സജിലേഷിന്റെ ശരീരം ജനം കണ്ടു.

## 6

'അമ്മേടെ പൊന്നേ '

സജിലേഷിന്റെ അമ്മ നിലവിളിച്ചു. ആതിര കരഞ്ഞില്ല. ചേട്ടന്റെ ശരീരത്തിനടുത്ത് അവൾ അനക്കമില്ലാതെ ഇരുന്നു. ദഹിപ്പിക്കാൻ എടുത്ത സമയം അവൾ അവന്റെ നെറ്റിയിൽ ചുംബിച്ചു. കലങ്ങി ചുവന്ന കണ്ണുമായി പിന്നെ അവൾ അവനെ നോക്കി.

'ഞാൻ......'

അവളുടെ ശബ്ദം നിന്നു.

ഭാരത് മാതാ ഹോട്ടൽ സംഭവത്തിന് ശേഷം തുറന്നില്ല. ഇരുപത് വർഷത്തെ ചരിത്രം അതോടെ തീർന്നു. ആർക്കും എന്താണ് നടന്നത് എന്ന് വ്യക്തമല്ലായിരുന്നു. പൊലീസ് കുറച്ച് തലപ്പുകച്ച് ആ വഴി സർക്കീട്ടടിച്ചു. പിന്നെ എല്ലാരും മറന്നു.

'ആ നായിന്റെ മോൻ ചാവേണ്ടത് തന്നെയാ. അത് ഇങ്ങനെ തീർന്ന്. അത്രേയുള്ളൂ..' വിനു മോഹൻ റെഡ് ലേബലിന്റെ കഴുത്തൊടിച്ചിട്ട് പറഞ്ഞു.

-എന്നാലും. സുരേഷ് ഒന്ന് പതറി.

'ഒന്നുലാ. ഇത് അങ്ങോട്ട് അടിച്ചേ. ഞാൻ പോയി ബീഫ് എന്തായിന്ന് നോക്കിട്ട് വരാം. വിനു മോഹൻ അടുക്കളയിലേക്ക് ധൃതിയിൽ നടന്നു. അംബിക ബീഫ് ഫ്രൈയിൽ നാരങ്ങ പിഴിഞ്ഞുക്കൊണ്ട് പുറകെ വന്ന വിനുവിനെ നോക്കി.

'എന്തൊരു കള്ളനാടാ നീ' വിനുവിനെ ചേർത്ത് നിർത്തി അംബിക കൊഞ്ചി പറഞ്ഞു.

'നിന്നെ കൈവിട്ട് പോയാ ഞാൻ ന്ത് ചെയ്യൂടി'.

അംബികയുടെ വായിൽ വലിയൊരു ബീഫിന്റെ കഷ്ണം വച്ചുകൊടുത്തുകൊണ്ട് വിനു മോഹൻ മറുപടി നൽകി.

## 7

ഭാരത് മാതാ ഹോട്ടലിന്റെ മുമ്പിലെ വഴിയിൽ നിന്നുക്കൊണ്ട് സജിലേഷിന്റെ ആത്മാവ് ചുറ്റും കണ്ണോടിച്ചു. എന്നത്തേയും പോലെ മരണത്തിന്റെ പൂർണമായ നിശബ്ദതയിൽ അവൻ വീണ്ടും വീണ്ടും ചോദിച്ചു.

'എന്തിനായിരുന്നു നിങ്ങള്...?

എന്നെ... എന്റെ അനിയത്തി...ന്റെ അമ്മ.. എന്തിനാ നിങ്ങള്...'.

●

# പുഴ മരിക്കുന്നില്ല



ഉണ്ണി ഭാസുരി ഗുരുവായൂർ


കഥ



**ആ** ഗ്രാമത്തിന്റെ ഹൃദയമിടിപ്പായിരുന്നു ആ പുഴ. മലമുകളിൽ നിന്ന് ഒഴുകിയിറങ്ങി, ഗ്രാമത്തിന്റെ അതിരുകളെ പച്ചപ്പുകൊണ്ട് പുതപ്പിച്ച്, ഒടുവിൽ കായലിന്റെ ആഴങ്ങളിലേക്ക് ലയിച്ചുചേരുന്ന ഒരമ്മയെപ്പോലെയായിരുന്നു അവൾ.

മാധവൻ മാഷ് ജനിച്ചതും വളർന്നതും ആ പുഴയുടെ തീരത്തായിരുന്നു. അദ്ദേഹത്തിന്റെ എഴുത്തുകൾക്കും കവിതകൾക്കും ജീവൻ നൽകിയത് അവളുടെ ഓളങ്ങളായിരുന്നു. വൈകുന്നേരങ്ങളിൽ പുഴക്കടവിലെ തണുത്ത മണലിലിരുന്ന് അദ്ദേഹം പുഴയോട് സംസാരിക്കുമായിരുന്നു. പക്ഷേ, കാലം മാറി. വികസനത്തിന്റെ പേരിൽ മനുഷ്യന്റെ സ്വാർത്ഥത ഗ്രാമത്തിലേക്ക് വണ്ടിയിറങ്ങിയപ്പോൾ ആദ്യം മുറിവേറ്റത് പുഴയ്ക്കായിരുന്നു.

തീരത്തെ തണൽമരങ്ങൾ ഓരോന്നായി വെട്ടിമാറ്റപ്പെട്ടു. മണൽവാരലുകാർ അവളുടെ മാറിലേക്ക് ആഴ്ന്നിറങ്ങി ഹൃദയം തുരന്നെടുത്തു. ഫാക്ടറികളിലെ കറുത്ത വിഷമാലിന്യങ്ങൾ അവളുടെ തെളിനീരിനെ ശ്വാസം മുട്ടിച്ചു. ഒടുവിൽ, ഒരു വേനൽക്കാലത്ത് അവൾ പൂർണ്ണമായും വറ്റിവരണ്ടു. ഒഴുക്കു നിലച്ച, ചെളിനിറഞ്ഞ ഒരു ചാലായി അവൾ മാറി. ഗ്രാമവാസികൾ അവളെ മറന്നു, ഒടുവിൽ അതൊരു മാലിന്യക്കൂമ്പാരമായി രൂപപ്പെട്ടു.



പക്ഷേ, മാധവൻ മാഷിന് അത് സഹിക്കാനാവുമായിരുന്നില്ല. അദ്ദേഹം തന്റെ പേനയെ ഒരു ആയുധമാക്കി. പുഴയുടെ വിലാപങ്ങളെക്കുറിച്ച് അദ്ദേഹം പത്രങ്ങളിലും സാംസ്കാരിക വേദികളിലും നിരന്തരം എഴുതി. 'നമ്മൾ കൊല്ലുന്നത് ഒരു പുഴയെയല്ല, നമ്മുടെ തന്നെ നിലനിൽപ്പിനെയാണ്,' അദ്ദേഹം ഉറക്കെ വിളിച്ചുപറഞ്ഞു. പക്ഷേ, അധികാരികളും നാട്ടുകാരും അദ്ദേഹത്തെ ഒരു ഭ്രാന്തനെപ്പോലെയാണ് കണ്ടത്.

വർഷങ്ങൾ കടന്നുപോയി. കടുത്ത ഒരു വരൾച്ച ഗ്രാമത്തെ പിടികൂടി. കിണറുകൾ വറ്റി, കൃഷിയിടങ്ങൾ കരിഞ്ഞുണങ്ങി. കുടിവെള്ളത്തിനായി ജനം നെട്ടോട്ടമോടിയപ്പോഴാണ് അവർക്ക് പുഴയുടെ വില മനസ്സിലായത്. അപ്പോഴേക്കും മാധവൻ മാഷ് വാർദ്ധക്യത്തിന്റെ അവശതയിലായിരുന്നു. ഒടുവിൽ, ഒരു കർക്കടക മാസത്തിലെ കറുത്ത വാവുനാളിൽ, ആകാശത്ത് കാർമേഘങ്ങൾ ഉരുണ്ടുകൂടിയ രാത്രിയിൽ അദ്ദേഹം ഈ ലോകത്തോട് വിടപറഞ്ഞു.

അത്ഭുതമെന്നു പറയട്ടെ, ആ രാത്രിയിൽ ഗ്രാമം ഇന്നേവരെ കണ്ടിട്ടില്ലാത്ത വിധം പെരുമഴ പെയ്തു. മലവെള്ളപ്പാച്ചിലിൽ, വർഷങ്ങളായി കെട്ടിക്കിടന്ന മാലിന്യങ്ങളെയും സ്വാർത്ഥതയുടെ കറകളെയും കഴുകിമാറ്റിക്കൊണ്ട് പുഴ വീണ്ടും നിറഞ്ഞൊഴുകി. അവൾ മാഷിന്റെ ചിതയൊരുക്കിയ തീരത്തെ തൊട്ടുരുമ്മി, നന്ദിയോടെ ശാന്തമായി ഒഴുകി.

പിറ്റേന്ന് രാവിലെ നാട്ടുകാർ പുഴക്കടവിൽ ഒത്തുകൂടി. ആർത്തലച്ചൊഴുകുന്ന പുഴയുടെ ഓളങ്ങളിൽ അവർ മാധവൻ മാഷിന്റെ ചിരി കണ്ടു. പുഴ മരിച്ചിരുന്നില്ല, അവൾ തന്റെ കാവൽക്കാരന്റെ ഓർമ്മകളിലൂടെ വീണ്ടും പുനർജനിക്കുകയായിരുന്നു!




കുട്ടികളുടെ മഷിപ്പച്ച പംക്തിയിലേക്ക് എഴുത്തുവഴിയിലെ

# പുതുനാമ്പുകൾക്ക് സ്വാഗതം

**സ്നേ**ഹത്തിന്റെ മഞ്ഞുതുള്ളിയായി ഈ വാക്കുകൾ, നിങ്ങളിൽ നിറയ്ക്കുക, എന്ന സദുദ്ദേശ്യത്തോടെ മഷിപ്പച്ച മാസികയിലെ ബാലപംക്തിയുടെ ദളങ്ങൾ നിങ്ങളുടെ മുന്നിൽ വിടർത്തുന്നു. ഇതിലെ ഓരോ വരികളും ഓരോ ചിത്രവും മുന്നോട്ടുള്ള, നിങ്ങളുടെ ജീവിതത്തിന് കരുതലും പ്രചോദനവുമാകട്ടെ...

കനിവിന്റെ ബാലപാഠങ്ങൾ, നന്മയുടെ വിളനിലങ്ങൾ, എന്നിവ അക്ഷരങ്ങളിലൂടെ ചേർത്തുവച്ച് മുന്നോട്ടു നയിക്കാൻ കുട്ടികളുടെ മഷിപ്പച്ച എന്ന ഈ പംക്തിക്ക് കഴിയുമെന്ന് പ്രതീക്ഷയുണ്ട്.

'സ്നേഹമാണഖിലസാരമൂഴിയിൽ' എന്ന കവി വാക്യത്തിൽ നിന്ന് തന്നെ നമുക്ക് ആരംഭിക്കാം. മുന്നിൽ കാണുന്ന എല്ലാ സഹജീവികളെയും സ്നേഹത്തോടെയും കരുണയോടെയും ഇഷ്ടത്തോടെയും ചേർത്തുവച്ച്, മുന്നോട്ടുപോകാൻ എന്റെ കുരുന്നുകൾക്ക് ആകട്ടെ, നന്മയുടെ പൂവാടിയിൽ നിങ്ങൾ വിതറുന്ന ഓരോ ചെറിയ വിത്തുകളും മരമായും പൂവായും കായായും ഭൂമിക്ക് തണലേകട്ടെ... മാനവരാശിക്ക് അനശ്വര മാതൃകയാവട്ടെ...

കുട്ടികളുടെ മഷിപ്പച്ച വായിക്കുന്ന നിങ്ങളിൽ, തിരിച്ചറിവിന്റെ നനുത്ത പൂക്കൾ വിടരട്ടെ...


ഇനി മുന്നോട്ടുള്ള ജീവിതത്തിൽ ഈ അക്ഷരക്കൂട്ടുകൾ നിങ്ങൾക്ക് തുണയാവട്ടെ.. വളർന്നു വലുതാവുമ്പോൾ വന്ന വഴികൾ മറക്കാതിരിക്കുക... മറ്റുള്ളവർക്ക് മാർഗദീപങ്ങൾ ആവുക... ഭൂമിയിലെ വിലയേറിയ മുത്തുകളാവുക... നമുക്കൊരുമിച്ച് മുന്നേറാം.

*** *** ***

**മ**ഷിപ്പച്ച മാസികയിൽ, 15 വയസിനു താഴെയുള്ളവരുടെ രചനകളാണ് ഉൾപ്പെടുത്തുക. 94462 30972 എന്ന നമ്പറിൽ രചനകൾ വാട്സപ്പ് അയക്കാം. mashippachamasika@gmail.com എന്ന ഐഡിയിലേക്ക് ഇമെയിൽ ആയും രചനകൾ അയക്കാം.

കവിത /കഥ / യാത്രാവിവരണങ്ങൾ / ചിത്രങ്ങൾ / അനുഭവക്കുറിപ്പുകൾ / എന്നിവ ചെറിയ രചനകൾ ആയി പഠിക്കുന്ന ക്ലാസ് / സ്കൂൾ / ഫോൺനമ്പർ സഹിതം അയക്കുക

**അശോകേട്ടൻ**
എഡിറ്റർ,
കുട്ടികളുടെ മഷിപ്പച്ച








**മിത്രനാഥ് E.R**
8 th standard
അമൃത വിദ്യാലയം അയ്യന്തോൾ






**മാനസ്. ഒ ബാബു**
8 B
V.H.S.S karalam

## വികൃതിക്ക് കിട്ടിയ പണി

ഒരു ദിവസം തക്കുടു പൂച്ചയും കുക്കുടു എലിയും ബോൾ കളിക്കുകയായിരുന്നു. അപ്പോൾ തക്കുടു കുക്കുടെന്റെ ന്ന് ബോൾ തട്ടിപറച്ചു. എന്നിട്ട് കാലുകൊണ്ട് ഒറ്റതട്ട്. നേരെ പോയി മരത്തിന്റെ മുകളിൽ തട്ടി പപ്പായ നേരെ തക്കുടുന്റെ തലയിൽ വീണു. കുക്കുടു ചിരിച്ചു പറഞ്ഞു നിനക്ക് അങ്ങനെ തന്നെ വേണം.

ദിവിക് വർമ്മ സി.കെ
3 A, ANMMUPS
തളി







**അലോണ ഉല്ലാസ്**
7 Std
ശ്രീ ശ്രീ ജ്ഞാനമന്ദിർ
പുലിക്കടവ് ബളാംതോട്
കാസർക്കോട്







**മിലൻനാഥ് E.R**
3 standard
അമൃത വിദ്യാലയം
അയ്യന്തോൾ

# പുഴയുടെ തണലിൽ

ഈ പുഴയുടെ താളത്തിൽ
ഈ പുഴയുടെ തീരത്തെ
പച്ചപ്പിൽ
എന്നെയും ചേർക്കുമോ

**ആരാധ്യ വർമ്മ സി.കെ**
7 A, ANMMUPS
തളി